കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**നന്ദിയോട് ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2180/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി :7.5.2020

Phone No : 0471-2331231

Email : lfadtvm@yahoo.in

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന )**

**നന്ദിയോട് ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : **നന്ദിയോട്** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്,

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.10/2180 /2019

തീയതി: 7.5.2020

**തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.2019 മുതൽ 30.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 66 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 66 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : | ശ്രീ എം.ഷാജഹാൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം : | 14.11.2019 മുതൽ 25.11.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | :<br>: | ശ്രീമതി.ശ്രീജ.കെ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.അസീന.എ.പി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സുരേഷ് ബാബു. ബി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ശാലിനി.വി.കെ ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ലിപു.എസ്.ലോറൻസ്,<br>ഓഡിറ്റർ |

**(ബി) <u>നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ.വി.വി.അജിത്കുമാർ | 01.04.2018 മുതൽ 16.4.18 വരെ |
| | ശ്രീമതി.ആർ.രാധാജയപ്രകാശ് (വൈസ്പ്രസിഡന്റ്) | 19.4.18 മുതൽ 25.5.18 വരെ |
| | ശ്രീമതി.ദീപാ സുരേഷ് | 26.5.18 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ.എസ്.മനോജ് | 01.04.2018 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കൃഷ്ണകുമാർ | 01.04.18 മുതൽ 31.3.19വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.ശ്രീജിത്ത് എൽ.കെ | 1.4.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കുമാരിബിന്ദു | 01.04.18മുതൽ 10.7.18വരെ |
| | ഡോ.ഐഷ.ജെ.ഹസ്സൻ | 11.7.18 മുതൽ 26.7.18 വരെ |
| | ഡോ. അങ്കിത. ജെ.പി | 27.7.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഭദ്ര.പി.വി | 1.4.18 മുതൽ 31.03.19വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.ഗീത.ആർ | 01.04.18 മുതൽ 30.7.18 വരെ |
| | ശ്രീമതി.ജയശ്രീ.എം.എൻ | 31.7.18മുതൽ 31.03.19 വരെ |
| വി.ഇ.ഒ.-1 | ശ്രീ.റാഫി.എ | 1.4.18 മുതൽ 31.3.19വരെ |
| വി.ഇ.ഒ.-2 | ശ്രീ.രാഹുൽ രാജ്.സി.എം | 1.4.18 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.രാംജിലാൽ | 01.04.18മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീ.എസ് ജയകുമാർ | 01.04.18 മുതൽ 31.03.19 വരെ |
| എച്ച്.എം | ശ്രീമതി.ഷാനാമ്മ | 1.4.18 മുതൽ 31.03.19 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സൗമ്യ.പി.കെ | 01.04.18 മുതൽ 31.03.19 വരെ |

**<u>ഉള്ളടക്കം</u>**

| | | |
|---|---|---|
| | **ഭാഗം 1** | |
| ക്രമ | **ഓഡിറ്റ് റിപ്പോർട്ട്** | ഖണ്ഡിക |

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ബജറ്റ്- അപാകതകൾ | 1-12 |
| 13 | സ്ഥാപനത്തിന്റെ പണം ഒടുക്ക്, പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-13 |
| 14 | ബിൽഡിംഗ് പെർമിറ്റ് കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-14 |
| 15 | **വസ്തു നികുതി- സഞ്ചയ സോഫ്റ്റ് വെയർ- അപാകങ്ങൾ- വരുമാനച്ചോർച്ച** | 1-15 |
| 16 | നന്ദിയോട് പബ്ളിക് മാർക്കറ്റ് ലേലം- ജി.എസ്.ടി അടവാക്കിയില്ല | 1-16 |
| 17 | ഷോപ്പിംഗ് കോംപ്ളക്സ് കടമുറികളുടെ വാടക- അപാകതകൾ | 1-17 |
| 18 | ലൈസൻസ് - അപാകങ്ങൾ | 1-18 |
| 19 | തൊഴിൽനികുതി - അപാകങ്ങൾ | 1-19 |
| 20 | ജീവനക്കാരുടെ എസ്.എൽ.ഐ ,ജി.ഐ.എസ് പ്രീമിയം കൃത്യമായി ഈടാക്കുന്നില്ല | 1-20 |
| 21 | റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കേണ്ടതാണ് | 1-21 |
| 22 | ശമ്പള പരിഷ്കരണ കുടിശ്ശിക- പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല | 1-22 |
| 23 | ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല- നടപടികൾ ത്വരിതപ്പെടുത്തണം | 1-23 |
| 24 | മാലിന്യ സംസ്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ-അപാകങ്ങൾ -1393447/-രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | തെരുവുവിളക്കുകളുടെ വാർഷിക അറ്റ കുറ്റപ്പണികൾ നടത്തൽ- പദ്ധതി ലക്ഷ്യം നേടുന്നില്ല-160000/-രൂപ തടസ്സം ചെയ്യുന്നു. | 1-25 |
| 26 | പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ- അപാകങ്ങൾ | 1-26 |
| 27 | ഫ്രണ്ട് ഓഫീസിലേക്ക് കുടിവെള്ളസൗകര്യം ഒരുക്കൽ പ്രവർത്തനങ്ങൾ- അപാകങ്ങൾ | 1-27 |
| 28 | ലാപ്പ്ടോപ്പ് വിതരണം(എസ്.സി.പി) അപാകങ്ങൾ | 1-28 |
| 29 | ലൈബ്രറികൾക്ക് സ്പോർട്സ് കിറ്റ് നൽകൽ- അംഗീകാരം ഉറപ്പു വരുത്തിയിട്ടില്ല | 1-29 |
| 30 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിരിക്കുന്നു. 378350/- രൂപ തടസ്സം ചെയ്യുന്നു. | 1-30 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 31 | മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതി നടപ്പാക്കി | 1-31 |
| 32 | യുവജനക്ഷേമവും കായിക വികസനവും-പദ്ധതി നടത്തിപ്പിലെ അപാകതകൾ-96739/-രൂപ തടസ്സം ചെയ്യുന്നു. | 1-32 |
| 33 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ- അപാകങ്ങൾ -76640/-രൂപ തടസ്സം ചെയ്യുന്നു. | 1-33 |
| 34 | ലൈഫ് ഭവനപദ്ധതി -ചെലവുരേഖകളും സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-34 |
| 35 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-അപാകങ്ങൾ | 1-35 |
| 36 | പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും-അവലോകനം | 1-36 |
| 37 | റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 1-37 |
| 38 | അനുവദനീയമല്ലാത്ത ഇനങ്ങൾ റീ-ടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു. | 1-38 |
| 39 | റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിച്ചു. മരാമത്ത് ചട്ടങ്ങളുടെ ലംഘനം | 1-39 |
| 40 | എംബാങ്ക്മെന്റ് നിർമ്മാണം-കൺസോളിഡേഷൻ കുറവ്ചെയ്യാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.അധികച്ചെലവിന് കാരണമാകുന്നു. | 1-40 |
| 41 | മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ ചമയ്ക്കുന്നതിൽ കാലതാമസം-കരാറുകാർക്ക് അധികലാഭത്തിന് വഴിതെളിയുന്നു. | 1-41 |
| 42 | പൊതുമരാമത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം- നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-42 |
| 43 | ലൈഫ് ഭവനപദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-43 |
| 44 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-44 |
| 45 | ലൈബ്രറി പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. | 1-45 |
| 46 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-46 |
| 47 | പാലിയേറ്റീവ് പദ്ധതിയിലെ അപാകതകൾ | 1-47 |
| 48 | ഭവന നിർമ്മാണ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-48 |
| 49 | കുടുംബശ്രീ യൂണിറ്റുകൾക്കും പഞ്ചായത്ത് ഓഫീസിലേക്കും മറ്റ് ഘടകസ്ഥാപനങ്ങൾക്കും സ്റ്റീൽ പാത്രം വാങ്ങി നല്കൽ – പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-49 |
| 50 | തുണിസഞ്ചി നിർമ്മാണ യൂണിറ്റ് - പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 1-50 |
| 51 | പകൽവീട് പ്രവർത്തന അപാകങ്ങൾ | 1-51 |
| | **ഭാഗം 2** | |
| | *വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | |
| | ഇല്ല | |
| | **ഭാഗം 3** | |
| | *ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ* | |
| | ഇല്ല | |
| | ഭാഗം 4 | |

| | | |
|---|---|---|
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 52 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 53 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 54 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 55 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 56 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 57 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 58 | ഓഡിറ്റ് റിക്കവറി | 4-7 |
| 59 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 60 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 |
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.3.2018-ാം തീയതിയിലെ 1(1)ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.2019 തീയതിയിലെ -1(1)ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.19 | 18.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 11238877 |
| വരവ് | : | 213249009 |
| ആകെ | : | 224487886 |
| ചെലവ് | : | 187557776 |
| നീക്കിയിരിപ്പ് | : | 36930110 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 221991189 | 221991189 | 221991189 | 0 |

| | | | | | |
|---|---|---|---|---|---|
| (പൊതുവിഭാഗം) | | | | | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 636054 | 636054 | 636054 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 4967237 | 4967237 | 4967237 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10799273 | 10799273 | 10799273 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 7459678 | 7459678 | 7459678 | 0 |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 0 | 4580336 | 4580336 | 4580336 | 0 |
| ബി ഫണ്ട് | 0 | 739920 | 739920 | 739920 | 0 |
| MGNREGS | 17159 | 821290 | 838449 | 836514 | 1934 |
| ബാങ്ക് ഓഫ് ബറോഡ ഒ.ഡി.എഫ് അക്കൗണ്ട് | 5741399 | 7807647 | 13549046 | 7018658 | 6530388 |
| I.O.B. BPL Incentive | 23848 | 0 | 23848 | 0 | 23848 |
| ഇ.പെയ്മെന്റ് കറന്റ് അക്കൗണ്ട് | 24289 | | | | |
| നന്ദിയോട് സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് (തനത്) | 4836262 | 129638488 | 134474750 | 112649845 | 21824905 |
| ഡി.സി.ബി | 23508 | 0 | 23508 | 0 | 23508 |
| നന്ദിയോട് കോ.ഓപ്പറേറ്റീവ് ബാങ്ക് സാക്ഷരത | 732 | 0 | 732 | 0 | 732 |
| ഐ.ഒ.ബി(WGDP 2) | 427 | 0 | 427 | 0 | 427 |
| ട്രഷറി. ടി.എസ്.ബി | 487827 | 11619489 | 12107316 | 5732557 | 6374759 |
| ട്രഷറി. (Old SGRY) | 6612 | 0 | 6612 | 0 | 6612 |
| IOB WGDP | 6362 | 0 | 6362 | 0 | 6362 |
| ട്രഷറി. സ്പെഷ്യൽ ടി.എസ്.ബി(J.V) | 94741 | 11993408 | 12088149 | 9951514 | 21366335 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 290724128 | 154 | 156922396 | 46 | 14 | 72 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ(*1) | 17159.05 | 821290 | 838449.05 | 836514.9 | 1934.15 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (*2) | 0 | 720765.78 | 720765.78 | 720765.78 | 0 |
| ആകെ | 17159.05 | 1542055.78 | 1559214.83 | 1557280.68 | 1934.15 |

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2018 ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 10.00 A.Mനു നടത്തുകയുണ്ടായി. പരിശോധനയിൽ 19353/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 649920 | 362 |
| കർഷകതൊഴിലാളി പെൻഷൻ | 7036900 | 1679 |
| വിധവാപെൻഷൻ | 19065100 | 1616 |
| വാർദ്ധക്യകാലപെൻഷൻ | 32678300 | 7264 |
| വികലാംഗപെൻഷൻ | 4156600 | 337 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 3 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 841600 | 67 |

# 1-9 ആഭ്യന്തര നിയന്ത്രണം

- ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ആഭ്യന്തര നിയന്ത്രണസംവിധാനത്തിലെ ചില ഘടകങ്ങളിലെ അച്ചടക്കമില്ലായ്മ തടസ്സം സൃഷ്ടിച്ചിട്ടുണ്ട് എന്ന് പ്രഥമദൃഷ്ട്യാ കാണാം. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടേയും പാലനത്തിൽ ജാഗ്രതക്കുറവുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽകുറേക്കൂടി കൃത്യതപുലർത്തേണ്ടതുണ്ട്.തനതുവരുമാന സംഭരണം,പദ്ധതിപ്പണം ചെലവാക്കൽ എന്നിവയിൽ സാരമായ അപാകങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്.ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

- പ്രധാനനിരീക്ഷണങ്ങൾ താഴെ പറയുന്നു.

- **<u>പൊതുവായആഭ്യന്തര നിയന്ത്രണം</u>**

- ജീവനക്കാരുടെജോലി വിഭജനം ഓഫീസ് ഓർഡർ മുഖേന നിർണ്ണയിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്.

- രജിസ്റ്ററുകളുടെ പരിപാലനത്തിൽ ഗുരുതരമായ ഉദാസീനത വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖ1-16,1-17, 1-18 കാണുക

- ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

**<u>അക്കൗണ്ടിങ്ങ് സംവിധാനം</u>**

- ബജറ്റ് തയ്യാറാക്കുന്നതിലും അക്കൗണ്ടിങ്ങ് രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇക്കാര്യത്തിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതാണ്.
ഖണ്ഡിക 1-12 ,1-13 കാണുക

- **<u>ഡി.സി.ബി ഇനങ്ങൾ- നികുതി നികുതിയേതരവരുമാനങ്ങൾ</u>**

നികുതി നികുതിയേതര വരുമാനങ്ങളിലൂടെ തനതുഫണ്ട് വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- വരവ് നിർണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ -**ഖ.1-15കാണുക**

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന ലഭ്യതയെ ബാധിക്കുന്നു.**(ഖ.1-18)**

- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായിമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല **(ഖ.1-14)**

- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.

- ലേലനടപടിക്രമങ്ങളിലെ അപാകങ്ങൾ വരവിനങ്ങളിലെകുറവിനും അധികച്ചെലവിനും കാരണമാകുന്നു.- **ഖ.1-16കാണുക**

- നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

**<u>സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ</u>**

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽസർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ജാഗ്രതക്കുറവുണ്ട്.**(1-27,28,34,36കാണുക)**

- **<u>ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ</u>**

- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

- **<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>**

- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.

- കർമ്മപദ്ധതി തയ്യാറാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.

- വിവിധ സ്റ്റാൻഡിങ് കമ്മിറ്റികൾക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.

- സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യകത നിശ്ചയിച്ച് പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്ക പ്പെട്ടിട്ടില്ല.

- ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുന്നുണ്ടെങ്കിലും ബജറ്റ് - ചെലവ് എന്നിവ താരതമ്യം നടത്തി ചെലവ് നിയന്ത്രിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല

- പ്രോജക്ടിലെ ആശയങ്ങളും വികസന പരിപ്രേക്ഷ്യവും തമ്മിൽ ബന്ധമില്ല

- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ രേഖകൾ എന്നിവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്ന വിവരം ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല

- സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണമായുംപാലിച്ച് ജനകീയമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. **ഖണ്ഡിക1-44കാണുക**

- മരാമത്ത് പ്രവൃത്തികൾ- സർക്കാർമാർഗനിർദ്ദേശങ്ങൾ പാലിച്ചുംഅളവിലും നിരക്കിലും കൃത്യത പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

- __(ii)പൊതുഭരണം__

- 29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായരീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, മെച്ചപ്പെട്ട രീതിയിൽ സേവന കൗണ്ടർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

- __സേവന ഉപനികുതി ചുമത്തുന്നില്ല__

- ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്താവുന്നതാണ്.ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

# 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

21.8.19 ലെ കെ.എസ്.എ.റ്റി.വി.എം/ജി.പി10/1616/19 നമ്പർ ആയി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2019 | 2018-2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.4.2017 മുതൽ 3.5.2017 വരെ | 2012-13 മുതൽ 2016-17 വരെ | 5.6.2017 |

# 1-12 ബജറ്റ്- അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ, അതിൻപ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ (ബഡ്ജറ്റ് ഫയൽ) ലഭ്യമാക്കിയില്ല.

ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**(എ) <u>വരുമാനം ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി</u>**

ബജറ്റ് പ്രകാരമുള്ള പലവരവുകളും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ

| ഇനം | 2018-19 ബജറ്റ് തുക | 2018-19 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് |
|---|---|---|
| ആഡിറ്റോറിയം,ഹാൾ എന്നിവയിൽ നിന്നുള്ള വാടക | 30000 | 14800 |
| സ്ഥലം, കെട്ടിടം എന്നിവയിൽ നിന്നുള്ള വാടക | 1600000 | 470577 |
| പെനാൽറ്റി ആന്റ് ഫൈൻസ് | 325000 | 233557 |
| പെർമിറ്റ് ഫീസ് | 130000 | 82551 |

**(ബി) <u>പരിധിയിൽ കൂടുതൽ സേവിങ്സ്</u>**

ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ ഉപേക്ഷിക്കുന്നത് പണം പാഴാക്കി കളയുന്നതിന് തുല്യമാണ്. ഇത് മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിയുമായിരുന്നു. താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതിരിക്കുകയോ കുറഞ്ഞ തുക ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട്.

| ഹെഡ്ഡ് കോഡ് | ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|---|
| 2501031 | മൃഗസംരക്ഷണം-പശു വളർത്തൽ | 1300000 | |
| 2503001 | ചെറുകിട വ്യവസായങ്ങൾ സൂക്ഷ്മ സംരംഭങ്ങൾ | 500000 | - |
| 2505005 | ബയോഗ്യാസ് പ്ളാന്റ് | 300000 | - |

| | | | |
|---|---|---|---|
| 2510115 | സാക്ഷരതാ തുല്യതാ പരീക്ഷ | 100000 | - |

2018-19 വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം ഗ്രാമപഞ്ചായത്ത് 2018 ഫെബ്രുവരിക്കു മുൻപായി നൽകേണ്ടിയിരുന്നു. അംഗീകരിക്കപ്പെട്ട പദ്ധതികൾക്കായി വകയിരുത്തിയ തുക കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് ചെലവു തയ്യാറാക്കേണ്ടത്.

(സി) <u>വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു</u>

വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ്സ് കോഡ് | ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|---|
| 2501032 | മൃഗസംരക്ഷണം- ആട് വളർത്തൽ | 400000 | 496000 |
| 2501034 | മൃഗസംരക്ഷണം- കന്നുകുട്ടി പരിപാലനം | 250000 | 1306000 |
| 2501002 | കൃഷിയും അനുബന്ധമേഖലകളും, നെൽകൃഷി | 280000 | 1865130 |

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് ചെയ്യുവാൻ പാടുള്ളതല്ല. ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 53 ന് വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിക്കുന്ന പക്ഷം പുതിയ പദ്ധതികൾക്കായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-13 സ്ഥാപനത്തിന്റെ പണം ഒടുക്ക്, പിൻവലിക്കൽ എന്നിവ പരിശോധനയിൽ കണ്ടെത്തി- അപാകതകൾ

1)2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 5,6,7,8 എന്നിവ പ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ജേണൽ ബുക്ക്, ജനറൽ ലഡ്ജർ എന്നിവയുടെ സൂക്ഷിപ്പ് അക്കൗണ്ടന്റിന്റെ ചുമതലയാണ്. എന്നാൽ 7.3.2019 മുതൽ 28.7.2019 വരെയുള്ള ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2) 30.10.2019ലെ ഡേബുക്ക് പ്രകാരം 56232/- രൂപ വരവുണ്ട്. എന്നാൽ തനത്ഫണ്ട് വരവുകൾ നിക്ഷേപിക്കുന്ന നന്ദിയോട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് നം.464 ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുക വരവ് വന്നിട്ടില്ല. ഒക്ടോബർ 2019ലെ മാസാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 62 ന് ബാങ്ക് കോർ ബാങ്കിംഗ് ആരംഭിച്ചതിനാലാണ് എൻട്രി വരാത്തതെന്ന് ബാങ്കിൽ നിന്നറിയിച്ചിട്ടുണ്ടെന്നും പുതിയ ബാങ്ക് സ്റ്റേറ്റ്മെന്റ്, 7.3.2019 മുതൽ 28.7.2019 വരെയുള്ള ക്യാഷ് ബുക്ക് എന്നിവ സഹിതം മറുപടി സമർപ്പിക്കുന്നുവെന്നും അറിയിച്ചിട്ടുണ്ടെങ്കിലും മേൽ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം വരവ് , ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും 56232/- രൂപയുടെ ഒടുക്കിന്റെ കൃത്യത ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

# 1-14 ബിൽഡിംഗ് പെർമിറ്റ് കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

1. തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ,വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം,നമ്പറിംഗ് , നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ നന്ദിയോട് പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. നമ്പറിംഗിനായി അപേക്ഷിച്ചിട്ടുള്ള ഫയലിൽ കെട്ടിട നികുതിയുമായി ബന്ധപ്പെട്ട അപേക്ഷയോ
മറ്റു വിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് കണക്കാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്.
കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അപേക്ഷയോടൊപ്പം നൽകുന്ന മറ്റ് രേഖകളുടെ പകർപ്പൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നത് അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ആയത് ക്രമവത്കരിക്കുന്നതിനും സഹായകരമായിരിക്കും.

- സങ്കേതം സഞ്ചയയും സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് വിവരങ്ങളിൽ നിന്ന് ടാക്സ് ഡിമാന്റ്, സാംഖ്യയിലെ ഡിമാന്റ് എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല. പെർമിറ്റ് ഫീ അടച്ച രസീത് നമ്പർ മാന്വലായി ട്ടാണ് എൻട്രി വരുത്തുന്നത്.

- മാന്വലായി നടത്തുന്ന രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ KPBR Violation detect ചെയ്യുന്നതിന് സംവിധാനമുണ്ടെങ്കിലും അപ്‌ലോഡ് ചെയ്യപ്പെട്ട Building Plan മായി താരതമ്യം ചെയ്യുന്നതിനോ മറ്റ് അപാകതകൾ കണ്ടു പിടിക്കുന്നതിനോ സോഫ്റ്റ്‌വെയറിൽ self detection സംവിധാനമില്ല.

- പെർമിറ്റ് അനുവദിച്ചതിനുശേഷം Completion ആകുമ്പോഴോ പിന്നീടോ എക്സ്റ്റൻഷൻ ഉണ്ടായാൽ അത് regularise ചെയ്യുന്നത് സങ്കേതം മുഖേനയല്ല. മറ്റൊരു ഫയലായിട്ടാണ് നടപടികൾ പൂർത്തിയാക്കുന്നത്. ഏരിയയിൽ വ്യത്യാസം വരുന്ന സന്ദർഭങ്ങളിലും പെർമിറ്റ് ഫയലിൽ മാറ്റം വരുന്നില്ല.

- കെട്ടിട നമ്പറിംഗുമായി ഇത് ബന്ധപ്പെടുത്തിയിട്ടില്ല.

# 1-15 വസ്തു നികുതി- സഞ്ചയ സോഫ്റ്റ് വെയർ- അപാകങ്ങൾ- വരുമാനച്ചോർച്ച

(എ) വസ്തു നികുതി നിർണ്ണയം, സോഫ്റ്റ് വെയർ പ്രവർത്തനങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ നില നിൽക്കുന്നു

1)2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ പട്ടിക 1ന്റെ അടിസ്ഥാനത്തിൽ വികസിതം, വികസനസാദ്ധ്യതയുള്ളത്,വികസനം കുറഞ്ഞത് എന്നീമാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതുംചട്ടങ്ങൾ 7(1) മുതൽ (5) വരെയുള്ള നിബന്ധനകൾ അനുസരിച്ച് പരസ്യപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചുപോരേണ്ടതുമാണ്.
പ്രസ്തുത തരം തിരിവിന്റെ അടിസ്ഥാനത്തിൽവസ്തു നികുതി നിർണ്ണയത്തിൽ ഇളവുകൾ നൽകേണ്ടതുണ്ട്. എന്നാൽ നന്ദിയോട് പഞ്ചായത്തിൽ അപ്രകാരം മേഖല തിരിച്ച് മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇളവുകൾ നൽകിയിട്ടുള്ളത് വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ല. ഇതിനാൽ വസ്തു നികുതി മുഖേനയുള്ള വരവിൽ കുറവ് വരാൻ സാദ്ധ്യതയുണ്ട്.

2)വസ്തു നികുതി നിർണയത്തിന് മേൽക്കൂരയുടെ തരം, തറയുടെ തരം , കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 2,ഫോം 6 എന്നിവ മാന്വലായി രേഖപ്പെടുത്തി അംഗീകരിച്ച് സൂക്ഷിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത രേഖകൾ നഷ്ടപ്പെട്ടു പോയി എന്നറിയിച്ചിരിക്കുന്നു. ഇതുമൂലം ഇളവുകൾ/വർദ്ധനവുകൾ നൽകിയിട്ടുള്ളത് വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല.

3)സഞ്ചയയിലെ വസ്തു നികുതി ഡി.സി.ബി പത്രികകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. പോസ്റ്റിങ്ങ്,രസീത് എൻട്രി ഡാറ്റാ കറക്ഷൻ എന്നിവയിലെ പൊരുത്തക്കേടാണ് ഇതിനു കാരണം. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

സഞ്ചയ പരിശോധിച്ചതിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ മൂലം കുറവ് വരുന്നതായി കാണുന്നു.

<u>(ബി) തനതു വരുമാനത്തിൽ ചോർച്ച.</u>

<u>(1) ഒരേ ആവശ്യത്തിനായി പണിത കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ പ്രത്യേകം കെട്ടിടങ്ങളായി നമ്പറിട്ട് വസ്തു നികുതി നിർണ്ണയിക്കുന്നു.</u>

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ 3 (5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേസമയം 4-ാം ഉപചട്ടം (1) -ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് അവയെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിനമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് സഞ്ചയ പരിശോധിച്ചതിൽ ബിൽഡിങ്ങ് പെർമിറ്റ് അനുവദിക്കപ്പെട്ടതിൻ പ്രകാരം ഒരേ ആവശ്യത്തിനായി പണിത കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ പ്രത്യേകം കെട്ടിടങ്ങളായി നമ്പറിട്ട് വസ്തു നികുതി നിർണ്ണയിച്ച് നൽകുന്നതിനാൽ നികുതിയിൽ കുറവ് സംഭവിക്കുന്നു.

ഉദാ:വാണിജ്യാവശ്യത്തിനായി A4-5998/13 നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന്റ നികുതി കണക്കാക്കിയിരിക്കുന്നത് താഴെ പറയും വിധമാണ്.

| പേര് | ഒക്യുപ്പൻസി/ പെർമിറ്റ് നമ്പർ | ഡോർനമ്പർ/ ഏരിയ($m^2$) | ഈടാക്കേണ്ട ഫീസ്(വഴി സൗകര്യം 20% | ഈടാക്കുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | വർധനവ് ഉൾപ്പെടെ) | | |
| ശ്രീ.കെ. ദാസൻ<br>ശ്രീശൈലം പ്ലാസ | വാണിജ്യം<br>A4-5998/13<br>ഏരിയ-<br>1030.44 $m^2$ | 1.17/4/A-107.38<br>2.17/4/B-39.06<br>3.17/4/C-76.12<br>4.17/4/D-83.57<br>5.17/4/E-42.47<br>6.17/4/F-37.97<br>7.17/4/G-83.86<br>8.17/4/H-30.85<br>9.17/4/I-193.25<br>10.17/4/j-335.91<br>ആകെ ഏരിയ-<br>1030.44 $m^2$ | 1030.44X80=<br>82435.2+20%=98922 | 80613.08 | 18309 |

ഒരേ ഉപയോഗക്രമങ്ങൾക്കുള്ള (വാണിജ്യാവശ്യത്തിനുള്ള) 100 ച.മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയെ വിഭജിച്ച് വേറെ വേറെയാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഇപ്രകാരം തനതു വരുമാനത്തിൽ കുറവ് സംഭവിക്കുന്നു.

(2) ചട്ടം 9 പ്രകാരമുള്ള വാണിജ്യാവശ്യത്തിനുള്ള ബഹുനിലക്കെട്ടിടത്തിന്റെ ഇളവ് നൽകിയതിൽ അപാകം

വാണിജ്യാവശ്യത്തിനായിA4-5998/13 നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന്റെ നികുതി കണക്കാക്കിയിരിക്കുന്നതിൽ ചട്ടം 9 പ്രകാരമുള്ള വാണിജ്യാവശ്യത്തിനുള്ള ബഹുനിലക്കെട്ടിടത്തിന്റെ ഇളവ് നൽകിയതിൽ അപാകം താഴെ പറയും വിധമാണ്.

| പേര് | ഒക്യുപ്പൻസി/ പെർമിറ്റ് നമ്പർ | ഡോർനമ്പർ / ഏരിയ(m2) | നൽകേണ്ട ഇളവ് തുക | നൽകിയ ഇളവ് | വ്യത്യാസം |
|---|---|---|---|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീശൈലം പ്ലാസ | വാണിജ്യം<br>A4-5998/13<br>ഏരിയ- | 17/4/I -193.25 | 628<br>(ഒന്നാം നിലക്ക്അടിസ്ഥാന വസ്തു നികുതിയുടെ 5%പ്രകാരം) | 753 | 125 |
| | | 17/4/j -335.91 | 1343<br>(ഒന്നാം നിലക്ക് അടിസ്ഥാന വസ്തു നികുതിയുടെ 5% പ്രകാരം) | 1612 | 269 |

ഇപ്രകാരം തെറ്റായി ഇളവ് നൽകുന്നതിലൂടെ തനതു വരുമാനത്തിൽ കുറവ് സംഭവിക്കുന്നു.

ഈ അപാകം പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(സി)അധിക നിർമ്മാണത്തിനു പെർമിറ്റ് ഫീ ഈടാക്കിയതിലേയും വസ്തു നികുതി ചുമത്തുന്നതിലേയും അപാകങ്ങൾ

വൃന്ദാവൻ കൺവെൻഷൻ സെന്റർ-

ബിൽഡിങ്ങ് പെർമിറ്റ് നമ്പർ A4-5553/14 തീയതി 5.10.16 പ്രകാരം പാലോട് വൃന്ദാവൻ കൺവെൻഷൻ സെന്ററിന് കെട്ടിടം പണിയുന്നതിന് താഴെ പറയുന്ന ഏരിയക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്

| | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 1202.58 $m^2$ |
| ബേസ്മെന്റ് ഫ്ലോർ 1 | 925.32 $m^2$ |
| ബേസ്മെന്റ് ഫ്ലോർ 2 | 882.46 $m^2$ |
| ആകെ | 3010.36 $m^2$ |

എന്നാൽ പണി പൂർത്തിയായി വസ്തു നികുതി നിർണ്ണയത്തിനായി കെട്ടിട ഉടമ സമർപ്പിച്ച ഫോം 2 റിട്ടേൺ പ്രകാരം അളവുകൾ താഴെ പറയും വിധം ആണ്.

| | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ | 1550.4$m^2$ |
| ബേസ്മെന്റ് ഫ്ലോർ 1 | 1695 $m^2$ |
| ബേസ്മെന്റ് ഫ്ലോർ 2 | 1365 $m^2$ |
| ആകെ | 4610.4 $m^2$ |

എന്നാൽ കംപ്ലീഷൻ അപേക്ഷ പരിശോധിച്ച് വ്യത്യാസം വന്ന ഏര്യ സ്ഥാപനത്തിന്റെ മരാമത്ത് വിഭാഗത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ (അസി. എഞ്ചിനീയർ/ഓവർസീയർ) ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിച്ചാണ് നിർമ്മിച്ചതെന്ന് സാക്ഷ്യപ്പെടുത്തുകയോ അധികം വന്ന ഏരിയ രാജിയാക്കൽ ഫീസ് ഈടാക്കി അംഗീകരിക്കാമെന്ന് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി 58- മറുപടി)കെട്ടിട ഉടമയുടെ അസ്സസ്സ്മെന്റ് പ്രകാരമുള്ള 4612 m2 പ്രകാരമുള്ള കെട്ടിട നികുതി നിലവിൽ ഈടാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 15.6.2013 ലെ 32131 ആർ എ 2012/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനുംപഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിനു ശേഷം നല്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമാണ് സെക്രട്ടറി പെർമിറ്റ് അനുവദിക്കേണ്ടത്. ഈസാഹചര്യത്തിൽ കംപ്ലീഷൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റിനേക്കാൾ അധികം നിർമ്മിച്ച ഏര്യയും ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ എന്നതും സ്ഥാപനത്തിന്റെ മരാമത്ത് വിഭാഗത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ (അസി. എഞ്ചിനീയർ/ഓവർസീയർ) പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാനും തനതു വരുമാനത്തിന്റെ ചോർച്ച തടയുവാനും ഭരണസമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രത പാലിക്കേണ്ടതാണ്.

(ഡി) വസ്തു നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ )2011 ലെ പട്ടിക 1 ൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങൾക്കും വസ്തു നികുതി ഈടാക്കേണ്ടതാണ്. പട്ടിക ക്രമനം 10 ൽ പരാമർശിക്കുന്ന, ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ 2018-19 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

ടവർ

| വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കുവാനുള്ള തുക |
|---|---|---|
| 17/384 | Essar | 13572 |

പ്രസ്തുത തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 നന്ദിയോട് പബ്ളിക് മാർക്കറ്റ് ലേലം- ജി.എസ്.ടി അടവാക്കിയില്ല

നന്ദിയോട് പബ്ളിക് മാർക്കറ്റ് ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള ലേലം 210000/- രൂപയ്ക്ക് ലേലം കൊണ്ടിരുന്ന ശ്രീ. സുനിൽകുമാർ, ശ്രുതി നിവാസ് ഇളവട്ടം പി.ഒ (ലേല തീയതി 14.3.2018)എന്നയാളിൽ നിന്ന് സോൾവൻസി വാങ്ങി സൂക്ഷിച്ചിട്ടില്ല. ശ്രീ സുനിൽകുമാർ ലേലം കൊണ്ടിരുന്ന മുഴുവൻ തുകയും വിവിധ ഗഡുക്കളായി അടവാക്കിയിട്ടുണ്ടെങ്കിലും ജി.എസ്.ടി അടവാക്കിയിട്ടില്ല. ലേല നോട്ടീസിലോ കരാർ ചമച്ച വേളയിലോ ജി.എസ്.ടി അടവാക്കുന്നതിനെ സംബന്ധിച്ച് പഞ്ചായത്ത് സൂചിപ്പിച്ചിട്ടില്ല. 28.5.2019 ഭരണസമിതി തീരുമാനം 26(1) പ്രകാരം 37000/- രൂപ ജി.എസ്.ടി അടവാക്കണമെന്ന് കാണിച്ച് ടിയാന് നോട്ടീസ് നൽകിയെങ്കിലും ലേലം നടക്കുന്ന സമയത്തോ എഗ്രിമെന്റിലോ ജി.എസ്.ടി അടയ്ക്കാൻ നിർദ്ദേശം നൽകാത്തതിനാൽ അത് അടയ്ക്കാൻ ബാധ്യതയില്ലായെന്ന് ശ്രീ സുനിൽകുമാർ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 50 ന് ജി.എസ്.ടി ബാധകമായ അവസാനഗഡു തുകയായ 70000/- രൂപയ്ക്ക് 12600/- രൂപ 21.5.2017ൽ രസീത് നം. 1190401000557 പ്രകാരം ഒടുക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1.7.2017 മുതൽ ജി.എസ്.ടി ബാധകമായിരിക്കെ അത് ലേലനോട്ടീസിലോ കരാറിലോ പരാമർശിക്കാതിരുന്നത് സ്ഥാപനത്തിന്റെ വീഴ്ചയാണ്. ഇതു വഴി സർക്കാർ ഖജനാവിന് 24400/- രൂപയുടെ നഷ്ടം സംഭവിക്കുന്നതിന് ഇടയായി. ലേലം കൊള്ളുന്ന വ്യക്തികളിൽ നിന്ന് സോൾവൻസി വാങ്ങി സൂക്ഷിക്കുന്നതിനും ലേല നോട്ടീസുകളിൽ ബാധകമായ എല്ലാ നികുതികളും ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

# 1-17 ഷോപ്പിംഗ് കോംപ്ളക്സ് കടമുറികളുടെ വാടക- അപാകതകൾ

ഷോപ്പിംഗ് കോംപ്ളക്സുകൾ /കടമുറികൾ എന്നിവയിൽ താഴെപ്പറയുന്നവയുടെ വാടക ഈടാക്കാനവശേഷിക്കുന്നു

| കടമുറി നം. | വാടകക്കാരൻ | മാസവാടക | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| VI | ഷാജിമോൻ, മേക്കംകര പുത്തൻവീട്, ഇളവട്ടം | 1266 | 2019 ജനവരി മുതൽ മാർച്ച് വരെയുള്ള വാടക<br>3798/- |
| MOSIII | സത്യരാജ് റോസ്റ്റി ഗാർഡൻസ്,ഇളവട്ടം | 2650 | ജൂലൈ 2018 മുതൽ മാർച്ച് 2019 വരെയുള്ള വാടക<br>23850/- |
| NKS/8 | പത്മാക്ഷി, വിജേഷ് നിവാസ് | 300 | മാർച്ച് 2019 ലെ തുക അടവാക്കാൻ അവശേഷിക്കുന്നു.<br>300 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 51 ന് കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കി റിപ്പോർട്ടു ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബി)ഷോപ്പിംഗ് കോംപ്ലക്സ് രജിസ്റ്റർ പ്രകാരം MKS XXV(npll/932)-ാം നം കടമുറി വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിക്കുന്നുണ്ട്. ഇതു സംബന്ധിച്ച എൻക്വയറി നം. 51 ന് പ്രസ്തുത കടമുറി 15 വർഷക്കാലമായി പൂട്ടിയിട്ടിരിക്കുകയാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞുവെന്നും ഈ കടമുറികളിൽ കുറേ തയ്യൽ മെഷീനുകളും അനുബന്ധ ഉപകരണങ്ങളും സൂക്ഷിച്ചിരിക്കുകയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മേൽ പരാമർശിച്ചിട്ടുള്ള തയ്യൽ മെഷീനുകൾ/അനുബന്ധ ഉപകരണങ്ങൾ ഏത് വർഷത്തെ പ്രോജക്ട് പ്രകാരം എത്ര രൂപയ്ക്ക് വാങ്ങിയതാണെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ടതും പ്രസ്തുത വിഷയത്തിൻമേൽ ഉചിതമായ നടപടി ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്.

# 1-18 ലൈസൻസ് - അപാകങ്ങൾ

സഞ്ചയ സോഫ്റ്റ് വെയർ വിവരമനുസരിച്ച് 2018 – 19 ൽ 1841 കൊമേഴ്സ്യൽ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 240 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. 1601 സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നുവെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 60/25.11.2019 ന് ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് കൊടുക്കാനുള്ള നടപടി സ്വീകരിച്ച് അനധികൃത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017 – 18 ലെ റിപ്പോർട്ട് പ്രകാരം വൃന്ദാവൻ കൺവെൻഷൻ സെന്റർ ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നതെന്ന് പരാമർശിച്ചിരുന്നു. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു. ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണ്. കൂടാതെ 2018 – 19 ലും പ്രസ്തുത സ്ഥാപനം ലൈസൻസ് കൂടാതെയാണ് പ്രവർത്തിച്ചത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 63/25.11.2019 ന് ലൈസൻസ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ അനധികൃതമായി സ്ഥാപനങ്ങളെ വർഷങ്ങളോളം പ്രവർത്തിക്കാൻ അനുവദിക്കുന്നത് ആശാസ്യമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-19 തൊഴിൽനികുതി - അപാകങ്ങൾ

1. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ബി വകുപ്പ് പ്രകാരം നികുതിക്ക് വിധേയരായവരുടെ പട്ടിക സമർപ്പിക്കാൻ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

ബി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 സി വകുപ്പ് പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ നികുതിക്ക് വിധേയരായവരുടെ പട്ടിക സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്

സി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഇ വകുപ്പ് പ്രകാരം ഓരോ വർഷവും ഏപ്രിലിൽ സ്ഥാപനങ്ങളുടെ പേരു നല്കുന്നതിന് ഓഫീസ് മേധാവിയോടും തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

ഡി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 എഫ് വകുപ്പ് പ്രകാരം ഓരോ വർഷവും മേയിലും നവംബറിലും ഓഫീസ് മേധാവിയോട് ആ സ്ഥാപനത്തിൽ തൊഴിൽനികുതി അടക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി തിട്ടപ്പെടുത്താൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്. ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2. ഗ്രാമപ്പഞ്ചായത്തിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018 – 19 ൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

എ)ഫസീലാ ക്ളിനിക്

ബി) ദേവകി ക്ളിനിക്കൽ ലാബ്, ആശുപത്രി

സി) കെയർപ്ളസ് ഡന്തൽ ക്ളിനിക്

ഡി)ശ്രീശൈലം ദന്തൽ ക്ളിനിക്

ഇ)ഹോമിയോ കെയർ ചിൽഡ്രൻ ആന്റ് ഫാമിലി ക്ളിനിക്

എഫ് ) മന്നം ആയുർവേദ ആശുപത്രി

ജി)സഞ്ജീവനി ആയുർവേദ ക്ളിനിക്

3. എ) വൃന്ദാവൻ കൺവെൻഷൻ സെന്ററിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ലെന്ന് 2017 – 18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ നിന്നും 2018 – 19 ലും സ്ഥാപന തൊഴിൽ നികുതിയും അവിടങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

4. റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5. 2018 – 19 ൽ 20 കരാറുകാർ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 59/25.11.2019 ന് അപാകങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമാനുസൃതം തൊഴിൽനികുതി ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-20 ജീവനക്കാരുടെ എസ്.എൽ.ഐ ,ജി.ഐ.എസ് പ്രീമിയം കൃത്യമായി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും G.O (P) 149/16 /Fin dated 4.10.2016, G.O (P).112/2016/ Fin dated 01.08.2016 ഉത്തരവിനനുസൃതമായി അടിസ്ഥാന ശമ്പളത്തിനും ശമ്പള സ്കെയിലിനും ആനുപാതികമായല്ല എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം ഈടാക്കിയിരിക്കുന്നത്. 2017 മാർച്ച് മാസത്തെ എസ്.എൽ.ഐ പ്രീമിയം ഈടാക്കിയതിൽ (വൗച്ചർ നം. 21800002/3.4.18)താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും കുറവായാണ് തുക ഈടാക്കിയത്.

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | അടിസ്ഥാനശമ്പളം | ഒടുക്കേണ്ട കുറഞ്ഞ തുക | ഒടുക്കിയത് | കുറവ് |
|---|---|---|---|---|
| അനിൽ കുമാർ. എസ് (ജൂനിയർ സൂപ്രണ്ട്) | 38500 | 500 | 150 | 350 |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| പ്രശാന്ത്.ബി.റ്റി അക്കൗണ്ടന്റ് | 33900 | 300 | 150 | 150 |
| എം. ജയചന്ദ്രകുമാർ സീ.ക്ലർക്ക് | 34800 | 300 | 250 | 50 |
| സിന്ധു. എസ്.ക്ലർക്ക് | 30700 | 300 | 150 | 150 |
| ബീന. പി ഓഫീസ് അസിസ്റ്റൻറ് | 24000 | 300 | 200 | 100 |
| ഷൈനി. എസ് (ഓഫീസ് അസിസ്റ്റന്റ്) | 18000 | 300 | 200 | 100 |

2017 മാർച്ച് മാസത്തെ ജി.എസ്.ഐ പ്രീമിയം ഈടാക്കിയതിൽ (വൗച്ചർ നം. 21800002/3.4.18)താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും കുറവായാണ് തുക ഈടാക്കിയത്.

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശമ്പള നിരക്ക് | ഒടുക്കേണ്ട കുറഞ്ഞ തുക | ഒടുക്കിയത് | കുറവ് |
|---|---|---|---|---|
| പി.രാംജിലാൽ (അസി.സെക്രട്ടറി) | 30700-65400 | 400 | 200 | 200 |
| എം.ജയചന്ദ്രകുമാർ സീ.ക്ലർക്ക് | 25200-54000 | 400 | 200 | 200 |
| സിന്ധു. എസ് ക്ളർക്ക് | 19000-43600 | 400 | 200 | 200 |
| അനിൽകുമാർ. സിനിയർ ക്ളർക്ക് | 19000-43600 | 400 | 150 | 250 |
| അനിഷ. വി.പി ക്ളർക്ക് | 19000-43600 | 400 | 300 | 100 |
| ബീന.പി (ഓഫീസ് അസിസ്റ്റന്റ്) | 17000-37500 | 400 | 200 | 200 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 31 ന് എസ്.എൽ.ഐ , ജി.ഐ.എസ് പ്രീമിയം കുറവായി അടവാക്കിയ ജീവനക്കാരിൽ നിന്ന് ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-21 റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കേണ്ടതാണ്

22.01.2018 ലെ (സി.എസ്.)എ9-764/2019 ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നുംഒഴിവാക്കുവാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ,ലൈസൻസ് ഫീ എന്നിവ ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ശമ്പള പരിഷ്കരണ കുടിശ്ശിക- പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല

സർക്കാർ ഉത്തരവ് നം.07/2016/ഫിൻ 20.01.2016 പ്രകാരം 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 01.04.2013ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക 2018-19 വർഷം( മൂന്ന് , നാല് ഗഡുക്കൾ )അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-23 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും ടെന്റർ ഫോറവിലയിനത്തിൽ 68096/-രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 18/19) ഫാറവില ലഭ്യമാക്കുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

## 1-24 മാലിന്യ സംസ്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ- അപാകങ്ങൾ -1393447/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട്-നമ്പർ | 181/16-17, 63/17-18,<br>തനതു ഫണ്ട് വൗച്ചർ- |
| പേര് | മാലിന്യ സംസ്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ |
| അടങ്കൽ | 3300000(വി.ഫണ്ട്-1205448<br>തനത് ഫണ്ട്-94552<br>ബ്ലോക്ക് വിഹിതം-2000000) |
| ചെലവ് | വി.ഫണ്ട്-1205448 (ബിൽ നമ്പർ-44/17-18, 28.3.18)<br>തനത് ഫണ്ട്-94552-3/18<br>- |
| | ബ്ലോക്ക് വിഹിതം-2000000<br>(ചെക്ക്നമ്പർ-2481739/ dt 27.4.18 464482/-<br>ചെക്ക്നമ്പർ-2481740/ dt 27.4.18- 464482/-<br>ചെക്ക്നമ്പർ-2835601/ dt 28.4.18- 464483/-) |

| | |
|---|---|
| | ആകെ 1393447 |
| നിർവഹണം | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നമ്പർ | 64 |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.നന്ദിയോട് മാർക്കറ്റിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വിഭാവനം ചെയ്ത് ഡി.പി.സി അംഗീകാരം ലഭിച്ച 16-17ലെ പ്രോജക്ട് തൻ വർഷം നടപ്പാക്കാൻ കഴിഞ്ഞില്ല. തുടർന്ന് സ്പിൽ ഓവറാക്കിയ മേൽ പദ്ധതി17-18, 18-19 വർഷങ്ങളിലെ ചെലവിലുൾപ്പെടുത്തി നടപ്പാക്കുകയായിരുന്നു. 16-17 ലെ പദ്ധതിയിൽ നടപ്പാക്കാൻ തെരഞ്ഞെടുത്ത സ്ഥലം നിലമാണെന്ന് കണ്ടെത്തിയതാണ് കാരണം.

2.ഖരമാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ച പദ്ധതിക്ക് വേണ്ടി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്തിന് പഞ്ചായത്ത് ഡെ.ഡയറക്ടറുടെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ശുചിത്വ മിഷന്റെയും അനുമതി ലഭ്യമാകാതിരുന്നതിനെത്തുടർന്ന് 28.2.18ലെ 3 (1) നമ്പർ തീരുമാനപ്രകാരം ടി സ്ഥലത്ത് ജൈവ മാലിന്യ പ്ലാന്റ് സ്ഥാപിക്കാൻ കഴിയില്ല എന്ന് ഭരണസമിതി തീരുമാനിക്കുകയും പ്ലാസ്റ്റിക് ശേഖരണത്തിനായുള്ള മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനായി പ്രസ്തുത സ്ഥലം വാങ്ങാൻ നടപടികളെടുക്കുകയും ചെയ്തു. ജൈവ മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഡി.പി.സി അംഗീകാരം ലഭ്യമാക്കി അതേ ആവശ്യത്തിനായി ബ്ലോക്ക് വിഹിതം അനുവദിച്ച പ്രസ്തുത പ്രോജക്ട് റിവൈസ് ചെയ്ത് ഡി.പി.സി അംഗീകാരം വാങ്ങാതെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയത് കൺ സോളിഡേറ്റഡ് ഫണ്ടിന്റേയും മറ്റു ഫണ്ടുകളുടേയും ദുരുപയോഗമായി വിലയിരുത്തുന്നു. അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (64) മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഡി.പി.സി അംഗീകാരം ലഭ്യമായിരുന്നു എന്നും സ്പിൽ ഓവർ പദ്ധതികൾക്ക് ഭേദഗതി അനുവദിക്കാറില്ല എന്നും മറുപടി നൽകിയിരിക്കുന്നു. ഡി.പി.സി അംഗീകാരം കിട്ടിയ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനായി തീരുമാനമെടുത്ത് നടപ്പാക്കിയത് 13-ം പഞ്ചവത്സര പദ്ധതി മാർഗരേഖ സ. ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ ,29.01.18.ലെ താഴെ പറയുന്ന വ്യവസ്ഥക്ക് എതിരാണ്.

**" അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് സ്പിൽ ഓവറായി അടുത്ത വർഷംതുടരുമ്പോൾ അതിന്റെ പ്രവർത്തനങ്ങളിലോ അടങ്കൽ തുകയിലോ ഭേദഗതിഅനിവാര്യമാണെന്ന് കാണുകയാണെങ്കിൽ അത് ഭേദഗതി ചെയ്ത് ഭരണസമിതി അംഗീകരിച്ചശേഷം ബന്ധപ്പെട്ട വെറ്റിങ്ങ് ഓഫീസറുടെ പരിശോധനക്ക് വിധേയമാക്കേണ്ടതുംജില്ലാ ആസൂത്രണ സമിതി യുടെ അംഗീകാരം നേടേണ്ടത ുമാണ്. ഇപ്രകാരം വാർഷിക പദ്ധതിയുടെ ഭാഗികമാക്കി വെറ്റിങ്ങ് ഓഫീസറുടേയും അംഗീകാരം നേടിയതിനു ശേഷം മാത്രമേ തുടർന്ന് നിർവഹണം നടത്താൻ പാടുള്ളൂ."**

3. പ്രസ്തുത സ്ഥലത്ത് ഇപ്പോൾ ഏതെങ്കിലും തുടർ പ്രോജക്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് പ്രോജക്ട് നമ്പർ 20/18-19 ആയി MRF യൂണിറ്റ് നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട് എന്ന് മറുപടി നൽകി.

ഇപ്രകാരം അംഗീകാരം നേടുകയോ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുകയോചെയ്യാതെ മാർഗരേഖക്ക് വിരുദ്ധമായി 2018-19 ൽ ചെലവ് ചെയ്തതിന് ഭരണസമിതിയും നിർവഹണഉദ്യോഗസ്ഥനും ഉത്തരവാദികളാണ്. പ്രസ്തുത തുക **1393447/-രൂപ തടസ്സത്തിൽ വെക്കുന്നു.**

# 1-25 തെരുവുവിളക്കുകളുടെ വാർഷിക അറ്റ കുറ്റപ്പണികൾ നടത്തൽ- പദ്ധതി ലക്ഷ്യം നേടുന്നില്ല-160000/-രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0098/19 |
| പേര് | തെരുവുവിളക്കുകളുടെ വാർഷിക അറ്റ കുറ്റപ്പണികൾ നടത്തൽ |
| അടങ്കൽ | 400000 |
| ചെലവ് | 160000 |
| ഫണ്ട് | ധനകാര്യകമ്മിഷൻ അവാർഡ് |
| ബിൽ നമ്പർ | 29/20.12.18 |
| ഫയൽ നമ്പർ | A2/ 3617-(2)/2019 |
| നിർവഹണം | സെക്രട്ടറി |

മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1.തെരുവു വിളക്കുകളുടെ വാർഷിക അറ്റ കുറ്റപ്പണികൾ നടത്തുന്നതിനായി 400000/- രൂപഅടങ്കൽ നിശ്ചയിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കി.സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6.1 പ്രകാരം ആവശ്യകതാ നിർണ്ണയം നടത്താതെയാണ് പ്രോജക്ട് രൂപീകരിച്ച് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. തെരുവുവിളക്ക രജിസ്റ്ററിന്റെ അഭാവത്തിൽ(ഓഡിറ്റ് എൻക്വയറി 16ന്റെ മറുപടി)വിവിധ ഇനത്തിലായി പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി വേണം ആവശ്യകതാ നിർണയം നടത്തേണ്ടിയിരുന്നത്. എത്രഎണ്ണത്തിന് മെയിന്റനൻസ് ആവശ്യമാണെന്ന് വിലയിരുത്താതെയും നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ലാതെയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണസമിതി ആണ് അടങ്കൽ തുക നിശ്ചയിച്ചത് എന്ന **ഓഡിറ്റ് എൻക്വയറി-47** നുള്ള മറുപടിയിൽ നിന്നും വ്യക്തമാകുന്നു.

2.30.6.18 ലെ പഞ്ചായത്ത് ഭരണസമിതി സാധാരണ മീറ്റിങ്ങിലെ 2(14) തീരുമാനപ്രകാരം ടെണ്ടർ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെട്ട എയിംസ് എനർജി സിസ്റ്റംസ് സ്മാൾ ഇൻഡസ്ട്രീസ് എന്ന സ്ഥാപനവുമായി കരാർ ചമക്കാൻ തീരുമാനിച്ചു.

2X11 സി.എഫ്.എൽ - 485

9 വാട്ട് എൽ ഇ ഡി. ബൾബ് - 300

1 x40 വാട്ട് സിംഗിൾ ട്യൂബ് സെറ്റ് - 500

2 x40 വാട്ട് ഡബിൾ ട്യൂബ് സെറ്റ് - 700

എന്നിങ്ങനെയാണ് അംഗീകരിച്ച നിരക്കുകൾ.

ദർഘാസ് പരസ്യപ്രകാരം (നിബന്ധന-3) നന്ദിയോട് ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്ട്രീറ്റ് ലാമ്പുകളും ഒരു വർഷത്തേക്ക് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നിരക്കാണ് ആവശ്യപ്പെട്ടത്. ടെണ്ടർ സമർപ്പിച്ച രണ്ടാമത്തെ സ്ഥാപനമായ ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്സ് അതിൻ പ്രകാരമുള്ള നിരക്ക് സമർപ്പിച്ചപ്പോൾ തെരഞ്ഞെടുക്കപ്പെട്ട എയിംസ് എനർജി സിസ്റ്റംസ് സ്മാൾ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം " this contract covers only the maintenance of automatic CFL “ എന്ന് ടെണ്ടറിൽ നിബന്ധന 2 ആയി ചേർത്തിട്ടുണ്ടായിരുന്നു എങ്കിലും പ്രസ്തുത സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയായിരുന്നു. ആയതിൽ നിന്നും ദർഘാസ് പരസ്യത്തിലെ നിബന്ധനകൾക്ക് വിരുദ്ധമായി CFL ലാമ്പുകൾ മാത്രം മെയിന്റനൻസ് നടത്തുന്നതിന് പ്രസ്തുത പ്രോജക്ടിലെ മുഴുവൻ തുകയും വിനിയോഗിക്കുവാൻ തീരുമാനമെടുത്തു എന്നും അത്തരം അപാകതയില്ലാത്ത ടെണ്ടർ സമർപ്പിച്ച രണ്ടാമത്തെ സ്ഥാപനമായ ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്സിനെ കാരണംകൂടാതെ ഒഴിവാക്കിയതായും കാണുന്നു. എന്നാൽ എല്ലാ വിളക്കുകളും അറ്റകുറ്റപ്പണി നടത്താമെന്നുതന്നെ കരാർ ചമക്കുകയും (കരാർനിബന്ധന-1)CFL ലാമ്പുകൾ മാത്രം മെയിന്റനൻസ് നടത്തിയതിന് ആദ്യ ഗഡുതുക നൽകുകയും ചെയ്തു.ഡി.പി.സി അംഗീകരിച്ച പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും

വ്യതിചലിച്ച് ഭാഗികമായപ്രവൃത്തിക്ക് കരാർ ചമച്ച് തുക നൽകിയത് ഗൗരവമേറിയ അപാകമായി വിലയിരുത്തുന്നു.

3.ദർഘാസ് പരസ്യപ്രകാരം (നിബന്ധന-8) കരാർ തുക 4 തുല്യഗഡുക്കളായി കരാറുകാരന് മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് പ്രകാരം അനുവദിക്കേണ്ടതാണ്. എന്നാൽ കരാർ ചമച്ചതിൽ പ്രസ്തുത നിബന്ധന മാറ്റി ആദ്യഗഡു അടങ്കലിന്റെ 40% എന്നാക്കിമാറ്റി അതിൻപ്രകാരം തുക നല്കി. കരാർ ചമച്ചതിൽ നിന്നും വ്യത്യസ്തമായി CFL ലാമ്പുകൾ മാത്രം മെയിന്റനൻസ് നടത്തിയിട്ടും ദർഘാസ് പരസ്യ നിബന്ധനയിൽ നിന്നു വ്യതിചലിച്ച്4 തുല്യഗഡുക്കളിൽആദ്യഗഡു ആയി 100000/- നൽകുന്നതിനു പകരം അടങ്കലിന്റെ 40% രൂപയായ 160000/- പഞ്ചായത്ത് കമ്മിറ്റിയുടെ 16.11.18ലെ.18(1) തീരുമാനപ്രകാരം നൽകിയത് അംഗീകരിക്കുന്നില്ല.

4.പ്രസ്തുത പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെയും തുക നൽകിയതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് 28.6.19 ൽ ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 7000/- രൂപ മാത്രം അനുവദിച്ചതായി മറുപടി നൽകി. ഇതിൽ നിന്നും കരാറുകാരന്റെ പ്രവൃത്തി ഭാഗികമായി മാത്രമേ നടന്നിട്ടുള്ളു എന്ന് വ്യക്തമാണ്. കരാറുകാരനെക്കൊണ്ട് പ്രവൃത്തി തൃപ്തികരമാക്കി പൂർത്തിയാക്കുകയോ അല്ലെങ്കിൽ ടിയാനിൽ നിന്നും പിഴ ഈടാക്കി പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്യുന്നതുവരെ 18-19 ലെ ചെലവുതുകയായ 160000/- രൂപ തടസ്സം ചെയ്യുന്നു.

5. 2017-18ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3-3 ൽ പരാമർശിച്ച ഇൻസ്റ്റാൾ ചെയ്യാതെ കിടക്കുന്ന തെരുവു വിളക്കുകൾ ഇനിയും ഉൻസ്റ്റാൾ ചെയ്തിട്ടില്ല എന്നു മറുപടി നൽകിയിട്ടുണ്ട് അവ എത്രയും വേഗം ഇൻസ്റ്റാൾ ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

6.സ്ഥാപിച്ച വിളക്കുകൾ /മെയിന്റനൻസ് സംബന്ധിച്ച് കെഎസ്ഇബിയുടെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിനാൽ തന്നെ ചെലവാക്കിയ തുകയുടെ ആധികാരികത ഉറപ്പുവരുത്താൻ കഴിയുന്നില്ല. സ്റ്റോക്കും വിതരണവും സാക്ഷ്യപ്പെടുത്തി ഹാജരാക്കുകയുംകെ.എസ്,ഇ,ബിയുടെ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

# 1-26 പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ- അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 83/19 |
| പേര് | പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | 548000 |
| ചെലവ് | 548000 |
| ഫണ്ട് | വികസനഫണ്ട് |
| ബിൽ നമ്പർ | 17/6.9.18 |
| ഫയൽ നമ്പർ | A2/6413/2018 |
| നിർവഹണം | സെക്രട്ടറി |

മേൽ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്

1.പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത അംഗീകൃത സ്ഥാപനമായ KELTRON 10.11.17ൽ സമർപ്പിച്ച പ്രൊപ്പോസലിൽ 5KWp on grid solar power generating system സ്ഥാപിക്കുന്നതിനാണ് 548000/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ Description ൽ ഇത് 5KWp off grid solar power

generating system എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ, ആകെത്തുക എന്നിവ പ്രതിപാദിക്കുന്ന Detailed estimate ഹാജരാക്കിയിട്ടില്ല. കരാറിലും ഇക്കാര്യം വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത് 5KWp off grid solar power generating system ആണെന്ന് ഫയലിൽ കാണുന്നു. പ്രസ്തുത പ്രോജക്ടിന് എൽ എസ് ജി ഡി എക്സി. എൻജിനീയറുടെ സാങ്കേതികാനുമതി ലഭ്യമായിട്ടുമില്ല. അനർട്ടിന്റെ സാദ്ധ്യതാപഠനത്തിൽ 5kW നുള്ള സ്ഥല ലഭ്യതയുണ്ടെന്ന് കണ്ടെത്തിയെന്നും ടെറസ്സിലേക്കുള്ള ഗോവണി നിർമ്മിക്കുന്ന പക്ഷം സോളാർ പാനൽ നിർമ്മിക്കാവുന്നതുമാണെന്ന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള കമ്മിറ്റിയുടെ യോഗതീരുമാനം അറിയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്ഥാപിക്കുന്ന പാനലിന്റെ specification വ്യക്തമാക്കാതെയുംസാങ്കേതികാനുമതി ലഭ്യമാക്കാതെയും പ്രോജക്ട് നടപ്പിലാക്കിയതിന്റെ കാരണം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സാങ്കേതികാനുമതി ലഭ്യമായി എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഫയലിൽ അപ്രകാരമുള്ള അനുമതി ഉൾപ്പെട്ടിട്ടില്ല.

2.തെരഞ്ഞെടുത്ത അംഗീകൃത സ്ഥാപനമായ KELTRON 10.11.17ൽ സമർപ്പിച്ച പ്രൊപ്പോസലിൽ ചെലവിന്റെ ഉപാധികളിൽ" 50% of payment shall be released in advance along with work order ,40% on delivery of material, 10% after installation and commissioning "എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കരാറിൽ " payment ന്റെ വ്യവസ്ഥകൾ, തുക എന്നിവ സൂചിപ്പിക്കാതെ 30.8.18 ൽ വർക്ക് ഓർഡർ നൽകി, 3.9.18 ൽ തന്നെ പ്രോജക്ടിന്റെ മുഴുവൻ തുകയായ 548000/- രൂപ കൊടുത്തു 30.11.18ൽ മാത്രമാണ് ഉപകരണങ്ങൾ ലഭ്യമായത്. പ്രസ്തുത അപാകത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സാങ്കേതികാനുമതി അടിയന്തിരമായി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുമാണ്.

# 1-27 ഫ്രണ്ട് ഓഫീസിലേക്ക് കുടിവെള്ളസൗകര്യം ഒരുക്കൽ പ്രവർത്തനങ്ങൾ- അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0148/19 |
| പേര് | ഫ്രണ്ട് ഓഫീസിലേക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ |
| അടങ്കൽ | 50000 |
| ചെലവ് | 46800 |
| ഫണ്ട് | വികസനഫണ്ട് |
| ഓഡിറ്റ് എൻക്വയറി | 57 |
| ഫയൽ നമ്പർ | A2/ 6578/2018 |
| നിർവഹണം | സെക്രട്ടറി |

മേൽ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1.ഫ്രണ്ട് ഓഫീസിലേക്ക് കുടിവെള്ളസൗകര്യമൊരുക്കൽ എന്ന പദ്ധതിക്കായി ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും 15.10.18 ലെ 1/4ാം ഭരണസമിതി തീരുമാനപ്രകാരം തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ ജെ.ഐ റോക്ക്ലാന്റ് ഇന്റീരിയേഴ്സ് , ആലംപാറ, നന്ദിയോട് എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ച.

ക്വട്ടേഷനുകളുടെ നിരക്കുകളുടെ അടിസ്ഥാനത്തിൽ താരതമ്യ വിലയിരുത്തൽ , ഭരണസമിതി തീരുമാനപ്രകാരം തെരഞ്ഞെടുത്തതിന്റെ കാരണങ്ങൾ എന്നിവ താഴെ പറയും വിധമാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ക്വട്ടേഷൻ തുക | ഫയൽ രേഖകൾ പ്രകാരം സ്പെസിഫി ക്കേഷൻ | ഭരണ സമിതി വില യിരുത്തൽ | തെര ഞ്ഞെടുക്ക പ്പെട്ട ടെണ്ടറി നേക്കാൾ തുകയിലുള്ള വ്യത്യാസം |
|---|---|---|---|---|---|
| 1. | ആരാദ്ധ്യ അസോസിയേറ്റ്സ്, ചാലക്കുടി | 51000 | ക്വട്ടേഷൻ ക്ഷണിച്ചതിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷൻ ആണ്. | സ്പെസിഫി ക്കേഷനോ മറ്റ് വ്യവസ്ഥകളോ രേഖപ്പെടുത്തിയിട്ടില്ല. | 4200 രൂപകൂടുതൽ |
| 2. | Bto B മാനുഫാക്ച്ചറേഴ്സ്&ട്രേഡേഴ്സ് കൊല്ലം | 48700 | ക്വട്ടേഷൻ ക്ഷണിച്ചതിലെ സ്പെസിഫിക്കേഷൻ പൂർണ്ണമായും പാലിക്കുന്നില്ല | “ | 1900രൂപ കൂടുതൽ |
| 3. | വാട്ടർ വേൾഡ് കൺസൾട്ടൻസി സൊല്യൂഷൻസ് തൃശ്ശൂർ | 50000 | ക്വട്ടേഷൻ ക്ഷണിച്ചതിലെ സ്പെസിഫിക്കേഷൻ പൂർണ്ണമായും പാലിക്കുന്നില്ല | “ | 3200രൂപ കൂടുതൽ |
| 4. | റോക്ക്ലാന്റ് ഇന്റീരിയേഴ്സ് , ആലംപാറ, നന്ദിയോട് | 1.47381<br>2.49899 | ക്വട്ടേഷൻ ക്ഷണിച്ചതിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷൻ ആണ് | ക്വട്ടേഷൻ ക്ഷണിച്ചതിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷൻ ആണ് | 581 രൂപ കൂടുതൽ |
| 5. | ട്രൈ ടെക്ക് ട്രേഡേഴ്സ് , വഴുതക്കാട് | 6840X2=13680 | ക്വട്ടേഷൻ ക്ഷണിച്ചതിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷൻ ആണ് | “ | 34920 രൂപ കുറവ് |
| 6. | ശബരി സ്റ്റീൽ ഫർണിച്ചർ വെള്ളനാട് | 15500X2=31000 | ക്വട്ടേഷൻ ക്ഷണിച്ചതിലെ സ്പെസിഫിക്കേഷൻ പൂർണ്ണമായും പാലിക്കുന്നില്ല | “ | 15800രൂപ കുറവ് |
| 7. | ജെ.ഐ. റോക്ക്ലാന്റ് ഇന്റീരിയേഴ്സ് , ആലംപാറ, നന്ദിയോട് | 46800 | ക്വട്ടേഷൻ ക്ഷണിച്ചതിലെ സ്പെസിഫിക്കേഷൻ പൂർണ്ണമായും പാലിക്കുന്നില്ല | സ്പെസിഫിക്കേഷൻ പാലിക്കുന്നു | |
| 8. | ആക്സ്യം അക്വ ഫർണിച്ചർ കോഴിക്കോട് | (i)15998X2= 31996(type-1)<br>(ii)49501(type-2) | ക്വട്ടേഷൻ ക്ഷണിച്ചതിലെ സ്പെസിഫിക്കേഷൻ എറ്റവും കൂടുതൽ പാലിക്കുന്നു. | Type 1 ലെ തുക പരാമർശിക്കുന്നില്ല | 14804/- രൂപ കുറവ് |
| 9. | എം.എസ് സംഘപ്പുര കൊല്ലം | 45980 | ക്വട്ടേഷൻ | | 820രൂപ |

| | | | | | |
|---|---|---|---|---|---|
| | | 48888 | ക്ഷണിച്ചതിൽ നിന്നും വ്യത്യസ്തമായ സ്പെസിഫിക്കേഷൻ ആണ് | | കുറവ് |

മേൽ പട്ടികയിൽനിന്നും വ്യക്ത മാകുന്ന അപാകങ്ങൾ

1.ക്വട്ടേഷൻ പ്രകാരമുള്ള സ്പെസിഫിക്കേഷൻ എകദേശം പൂർണ്ണമായിത്തന്നെ നൽകിയതും നിരക്കു കുറഞ്ഞതുമായ Axiom Aqua solution എന്ന സ്ഥാപനത്തിന്റെ Type 1 ലെ തുക ഭരണസമിതി തീരുമാനത്തിൽ പരാമർശിക്കുന്നില്ല

2. ജെ.ഐ. റോക്ലാന്റ് ഇന്റീരിയേഴ്സ് , ആലംപാറ, നന്ദിയോട്എന്ന ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിന്റെ രണ്ട് വ്യത്യസ്ത ക്വട്ടേഷൻ പരിഗണിച്ച് അതിൽ ഒന്നിന് നൽകി.

ക്വട്ടേഷൻ പ്രകാരമുള്ള തുകകളിൽ കുറഞ്ഞ നിരക്ക് (Axiom Aqua solution എന്ന സ്ഥാപനത്തിന്റെ Type 1 ലെ തുക) ഉണ്ടായിരിക്കെ പരിഗണിക്കാതെ അധികം നൽകിയത് സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 9 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

3.കൂടാതെ പ്രസ്തുത ഉപകരണം കേടായതിനെത്തുടർന്ന് മെയിന്റനൻസിന് കൊണ്ടുപോയിരിക്കുന്നത് EMMAR Appliances എന്ന സ്ഥാപനമാണ്. റോക്ലാന്റ് ഇന്റീരിയേഴ്സ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. തെരഞ്ഞെടുത്ത സ്ഥാപനം അർഹമായിരുന്നില്ല എന്ന് ഇത് സൂചിപ്പിക്കുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രസ്തുത വിഷയം പരാമർശിച്ചിട്ടില്ല.
Axiom aqua solution എല്ലാ സ്പെസിഫിക്കേഷനും പാലിച്ചിട്ടില്ല എന്നും ഇലക്ട്രിക്കൽ വർക്ക് ഒഴിവാക്കിയിട്ടുള്ളതിനാലുമാണ് സ്ഥാപനത്തെ ഒഴിവാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇത് ഭരണ സമിതിയോ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ ചർച്ച ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 57 ന് നൽകിയ മറുപടിയിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിന് നിർവഹണഉദ്യോഗസ്ഥനും സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഭാവിയിൽ പ്രത്യേകം ജാഗ്രത പുലർത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

# 1-28 ലാപ്പ്ടോപ്പ് വിതരണം(എസ്.സി.പി) അപാകങ്ങൾ

**നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി**

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| S0125/19 | 150000 (എസ്.സി.പി) | 133450/- (ബിൽ നം.8/18-19 തീ:14.08.18) |

പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5വിദ്യാർത്ഥികൾക്ക് മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ്പ്ടോപ്പുകൾ നൽകിയിട്ടുണ്ട്. ഫ്യൂച്ചർടെക്ക് , തൈക്കാട് എന്ന സ്ഥാപനത്തിൽ നിന്നും 26690/- രൂപ നിരക്കിലാണ് ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു

**1)** 8 ജി.ബി മെമ്മറി ഉപയോഗിച്ച് ടെസ്റ്റ് ചെയ്യുമ്പോൾ 700 നോ അതിനു മുകളിലോ BAPCO SYSmark 2014 റേറ്റിംഗ് ലഭിച്ചിട്ടുള്ള പ്രോസ്സസർ ആയിരിക്കണം ലാപ്പ്ടോപ്പിൽ ഉപയോഗിച്ചിരിക്കുന്നത് എന്ന് ടെൻഡർ നോട്ടീസിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ എല്ലാ സ്ഥാപനങ്ങളുടെയും എല്ലാ മോഡൽ ലാപ്പ്ടോപ്പുകളെയും പ്രോസ്സസർ ശേഷി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. തൻമൂലം കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനങ്ങൾ പരിഗണിക്കപ്പെടാത്ത സാഹചര്യമുണ്ടായി. പരിശോധനയ്ക്ക് വിധേയമാക്കാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.no. | Institution | Sl.no.in Tender Form | Specification |
|---|---|---|---|

| | | | |
|---|---|---|---|
| 1 | MongerBox | a | Acer Dual Core es1-523 Processor, 5 yr OEM Warranty |
| | | b | Acer Quadcore Processor, 5yr OEM warranty |
| | | c | Lenovo, Intel Pentium Dual Core Processor 5yr OEM Warranty |
| 2 | G.Ramanujam Society | 01 | Acer 64 bit MulticoreX86 Processor, 5yr Onsite Warranty |
| | | 02 | Acer AMD A10 Processor, 5yr onsite Warranty |
| 3 | POWER CMS Technology | 01 | Acer Intel Pentium Quad core Processor, 5yr Onsite Warranty |

**2.** 30.06.2018-ൽ നടന്ന അടിയന്തിര യോഗത്തിലെ 2(3) നമ്പർ തീരുമാന പ്രകാരം ടെൻഡറുകളിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഫ്യൂച്ചർടെക്ക്, തൈക്കാട് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും 02.08.2018-ലെ TC-724 നമ്പർ ഇൻവോയ്സ് പ്രകാരം 5 ലാപ്പ്ടോപ്പുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട് എന്നാൽ ടി.സ്ഥാപനം സപ്ലൈ ചെയ്ത ലാപ്പ്ടോപ്പുകൾ 8ജി.ബി മെമ്മറി ഉപയോഗിച്ച് പ്രോസ്സസർ ശേഷി പരിശോധന നടത്തി 700 നോ അതിനു മുകളിലോ BAPCO SYSmark 2014 റേറ്റിംഗ് ലഭിച്ചിട്ടുള്ളതല്ല. എന്നാൽ എല്ലാ സ്പെസിഫിക്കേഷനുകളും പാലിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ലാപ്പ്ടോപ്പുകൾ ഉണ്ടായിട്ടും അവ പരിഗണിക്കാതെ ടെൻഡർ പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഇല്ലാത്ത ലാപ്പ്ടോപ്പുകളാണ് വാങ്ങിയിട്ടുള്ളത്.

| Sl.no. | Institution | Sl.no. In Tender Form | Specification | Rate | Remarks |
|---|---|---|---|---|---|
| 1 | MongerBox | d | Acer, Intel Core I3 | 27100 | BAPCO SYSmark tested with 8GB Memory |
| 2 | HyperTech | 3 | Acer, Intel Core I3 | 27790 | BAPCO SYSmark tested with 8GB Memory |

മിഡ്ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ്പ്ടോപ്പുകൾക്ക് 30000/- രൂപ വരെ ചെലവഴിക്കാൻ സർക്കാർ അനുമതിയുണ്ട്. എല്ലാ സ്പെസിഫിക്കേഷനോടും കൂടിയ Intel Core I3 പ്രോസ്സസറുള്ള ലാപ്പ്ടോപിന് 27100 രൂപ MongerBox എന്ന സ്ഥാപനം ടെൻഡറിൽ രേഖപ്പെടുത്തിരുന്നെങ്കിലും ആയത് ഒഴിവാക്കിയാണ് സ്പെസിഫിക്കേഷൻ പൂർണ്ണമായി പാലിക്കാത്ത ലാപ്പ്ടോപ്പ് 26690 രൂപയ്ക്ക് ഫ്യൂച്ചർടെക്കിൽ നിന്നും വാങ്ങിയിട്ടുള്ളത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് ടെക്നിക്കൽ അസിസ്റ്റന്റിന്റെ നിർദ്ദേശപ്രകാരമാണ് ലാപ്ടോപ്പ് വാങ്ങിയിട്ടുള്ളതെന്നും തുടർ പ്രവർത്തനത്തിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-29 ലൈബ്രറികൾക്ക് സ്പോർട്സ് കിറ്റ് നൽകൽ- അംഗീകാരം ഉറപ്പു വരുത്തിയിട്ടില്ല

പ്രോജക്ട് നം. S0142/19

പേര് - സ്പോർട്സ് കിറ്റ്

അടങ്കൽ -50000 (വികസനഫണ്ട് )

ചെലവ് - 50000
ബിൽ നമ്പർ – 25/11.2.19

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

യുവാക്കളിലെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ക്വട്ടേഷൻ ക്ഷണിച്ച് KICO sports അടൂർ എന്ന സ്ഥാപനത്തിൽ നിന്ന് 50000/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. KICO sports അടൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം ഒരു വോളിബോളിന്റെ (Nivia) വില 455/- രൂപ യായിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ ഇൻവോയിസ് നം. KL 26D 3350 പ്രകാരം ഒരു വോളിബോളിന്റെ (Nivia) യുടെ വില 555/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്. ഇതു വഴി സ്ഥാപനത്തിന് 15 വോളിബോൾ വാങ്ങിയ വകയിൽ 1500/- രൂപയുടെ നഷ്ടം ഉണ്ടായി (15*100).

2. വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്പോർട്സ് കിറ്റ് കൈപ്പറ്റിയ ക്ലബുകളുടെ വിശദാംശം ലഭ്യമല്ല.

3. സ്പോർട്സ് കിറ്റ് കൈപ്പറ്റിയ സ്ഥാപനങ്ങൾക്ക് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുറപ്പ് വരുത്തുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 37 ന് ക്വട്ടേഷൻ റേറ്റും ഇൻവോയ്സിലെ റേറ്റും തമ്മിലുള്ള വ്യത്യാസം കമ്പനിയെ ബോധ്യപ്പെടുത്തി നഷ്ടം തിരിച്ച് പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. മിക്കവാറും ക്ളബുകൾക്ക് രജിസ്റ്റർ നമ്പർ കാണുന്നുണ്ടെന്നും സ്പോർട്സ് കൗൺസിൽ അംഗീകാരം രേഖപ്പെടുത്തിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ രജിസ്ട്രേഷൻ ഉള്ള ലൈബ്രറികൾക്കാണോ സ്പോർട്സ് കിറ്റ് നൽകിയതെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സർക്കാർ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്നുറപ്പ് വരുത്തേണ്ടതും വോളിബോൾ വാങ്ങിയ ഇനത്തിൽ നഷ്ടമായ തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# 1-30 ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിരിക്കുന്നു-378350/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. S0268/19

പേര് - പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ - വികസനഫണ്ട് (ടി.എസ്.പി)378350

ചെലവ് - ബിൽ നം. 13/27.11.18-354695

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പച്ചമല, മണലയം, നീർപ്പാറ എന്നീ ആദിവാസി സെറ്റിൽമെന്റുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾ ആദിവാസി സെറ്റിൽമെന്റുകളാണെന്ന് തെളിയിക്കുന്നതിനായി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

2. കെ.എസ്.ഇ.ബിയുടെ അനുമതിയോടു കൂടിയാണോ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിനുശേഷം കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 38 ന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നും കെ.എസ്.ഇ.ബിയുടെ അറിവോടെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതെന്നും ആണ് അറിയിച്ചിട്ടുള്ളത്. ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് ആദിവാസി സെറ്റിൽമെന്റുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവഴിച്ച തുക 378350/- രൂപ തടസ്സം ചെയ്യുന്നു. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

# 1-31 മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതി നടപ്പാക്കി

പ്രോജക്ട് നം. SO300/19

പേര് - ആശവർക്കർമാർക്ക് യൂണിഫോം വാങ്ങി നൽകൽ

അടങ്കൽ - വികസനഫണ്ട് 31000

ചെലവ് - ബിൽ നം. 26/11.3.19-29925/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

നന്ദിയോട് പഞ്ചായത്തിലെ 31 ആശവർക്കർമാർക്കും യൂണിഫോം വിതരണം നടത്തുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ക്വട്ടേഷൻ ക്ഷണിച്ച് AMK's textiles പഴവങ്ങാടി എന്ന സ്ഥാപനത്തിൽ നിന്ന് 30 സാരി വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ആയതിന്റെ വിതരണ വിശദാംശം ഫയലിനോടൊപ്പം ലഭ്യമാക്കിയില്ല. സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 പ്രകാരമുള്ള മാർഗ്ഗരേഖയിൽ സ്ഥാപനത്തിന് നടപ്പിലാക്കാവുന്ന പദ്ധതികളിൽ പ്രസ്തുത ഇനം ഉൾപ്പെട്ടിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയതെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41 ന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതു പ്രകാരമാണ് ആശ വർക്കർമാർക്ക് യൂണിഫോം വിതരണം ചെയ്തിരിക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കാത്ത പദ്ധതികൾ നടപ്പിലാക്കുന്ന പക്ഷം സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 യുവജനക്ഷേമവും കായിക വികസനവും-പദ്ധതി നടത്തിപ്പിലെ അപാകതകൾ-96739/ രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. SO129/19

പേര് - യുവജനക്ഷേമവും കായിക വികസനവും

അടങ്കൽ - വികസനഫണ്ട് 96739

ചെലവ് ബിൽ നം. 22/17.11.18-96739

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

യൂത്ത് ക്ലബുകളുടെ കായിക വികസനവും യുവജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും ക്ലബുകൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുന്നതിനും ക്ലബുകളും പഞ്ചായത്തും തമ്മിലുള്ള സഹകരണം സാധ്യമാക്കുന്നതിനും ആയി ആവിഷ്കരിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 67780.45 രൂപയുടെ ചെലവു രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. 28958.55 രൂപയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

2. മേൽ ബിൽ പ്രകാരം തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിരിക്കുന്ന വ്യക്തികളും വൗച്ചർ പ്രകാരമുള്ള വ്യക്തികളും ഒരേ ആളുകളല്ല. പല വൗച്ചറുകളും തുക രേഖപെടുത്താതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. (ഉദാ variety bakers And juice parlour, Ettekkanil Bakery)

3. വൗച്ചർ നം.21800866/26.10.2018 പ്രകാരം തനത്ഫണ്ടിൽ നിന്ന് പ്രോജക്ടിനായി 25000/- രൂപ അഡ്വാൻസായി അസിസ്റ്റന്റ് സെക്രട്ടറി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 56239/- രൂപയാണ് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. 25000/- രൂപ മാത്രം അഡ്വാൻസായി വാങ്ങുകയും 56239/- രൂപ തിരികെ നൽകുകയും ചെയ്തത് എന്തിനെന്ന് വ്യക്തമല്ല.

4. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 32(2), 32(3) എന്നിവ പ്രകാരം അംഗീകൃത ട്രെയിനർമാരോ, സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ട്രെയിനർമാരോ ആണ് പരിശീലനം നൽകേണ്ടത്. എന്നാൽ ട്രെയിനർമാരുടെ യോഗ്യത സംബന്ധിച്ച രേഖകൾ ഫയലിനൊടൊപ്പം ലഭ്യമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 39 ന് ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് വൗച്ചറിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നതെന്നും ബില്ലിന്റെ കോപ്പിയിൽ തുക തെളിയാത്തതിനാൽ മഷി കൊണ്ട് എഴുതി സൂക്ഷിച്ചിട്ടുള്ളതാണെന്നാണ് പരാമർശം ഒന്നിന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പരാമർശം രണ്ടിന് ആധാർലിങ്ക് ചെയ്യാത്ത കേസുകളിൽ കളിക്കാരുടെ നിർദ്ദേശ പ്രകാരം തുക മാറ്റിചെയ്തിട്ടുണ്ടെന്നും പരാമർശം മൂന്നിന് തനതുഫണ്ടിന്റെ അഡ്വാൻസ് തുക റീക്ലപ്പ് ചെയ്ത് ക്ളിയർ ചെയ്തിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത മറുപടികൾ അംഗീകരിക്കുന്നില്ല. മേൽ പരാമർശിച്ചിട്ടുള്ള 1 മുതൽ 4 വരെയുള്ള പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച തുക 96739/- രൂപ തടസ്സം ചെയ്യുന്നു. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-33 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ- അപാകങ്ങൾ-76640/- രൂപ തടസ്സം ചെയ്യുന്നു

എ) പ്രോജക്ട് നം. S0147/19

പേര് - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര

അടങ്കൽ - വികസനഫണ്ട് (ടി.എസ്.പി)397570

ചെലവ് ബിൽ നം. 16/20.12.18-397570

ബി) പ്രോജക്ട് നം. S0149/19

പേര് - പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര

അടങ്കൽ - വികസനഫണ്ട് (എസ്.എസ്.പി)196390

ചെലവ് ബിൽ നം. 17/20.12.18-138910

ബിൽ നം. 18/20.12.2018-57480

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

I. ക്രമ നം.എ പ്രകാരമുള്ള പ്രോജക്ടിൽ 80 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മേശ, കസേര എന്നിവ വാങ്ങുന്നതിലേയക്കായി ടെണ്ടർ ക്ഷണിച്ചതിൽ 9 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. അതിൽ തടിയിലുള്ള മേശ, കസേര എന്നിവയിൽ തുക ക്വാട്ട് ചെയ്തിരുന്നത് ആരോഹണക്രമത്തിൽ പ്രീമിയർ ഹൗസ്(4325/-) കൈകോ(4689/-), ബ്രാൻഡ്സ് ഇന്റീരിയർ(4750/-), രാജധാനി (4784/-) വൃന്ദാവനം ടിമ്പേഴ്സ്(4790/-), എ.ബി എന്റർപ്രൈസസ്(4950/) എന്നിങ്ങനെയായിരുന്നു. 14.8.2018ലെ ഭരണസമിതി തീരുമാനം 1/8 ൽ ഗുണമേന്മ പരിശോധിക്കുന്നതിന് സ്ഥാപനങ്ങളോട് 6.8.2018ൽ സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും രാജധാനി ഇൻഡസ്ട്രീസ് ഉല്പന്നങ്ങൾ ഹാജരാക്കിയില്ലായെന്നും ബ്രാന്റ് ഇൻഡസ്ട്രീസ്, വൃന്ദാവനം ടിമ്പേഴ്സ് എന്നിവ മേശ, കസേര എന്നിവ ഹാജരാക്കിയെന്നും ബ്രാന്റ് ഇൻഡസ്ട്രീസിന്റെ ഉല്പന്നം അംഗീകരിക്കണമെന്ന അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർദ്ദേശം പഞ്ചായത്ത് തല പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളും പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളും ഗുണനിലവാരമില്ലായെന്ന് വിലയിരുത്തി നിരസിക്കുകയും വൃന്ദാവൻ ടിമ്പേഴ്സ് ആന്റ് ഫർണിച്ചറിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ (തീയതി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല) മേൽ പദ്ധതിയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതിന് മാത്രമാണ് തീരുമാനിച്ചിരിക്കുന്നത്. അതിനുശേഷം 15.2.2019ൽ മാത്രമാണ് പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിരിക്കുന്നത്. അതിനാൽ പ്രോക്യൂർമെന്റ് കമ്മിറ്റി എപ്രകാരമാണ് ഗുണമേന്മ പരിശോധന നടത്തിയത് എന്ന് വ്യക്തമല്ല ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം 3.9.2018ൽ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർക്ക് വൃന്ദാവനം ടിമ്പേഴ്സിന്റെ ഫർണിച്ചറുകൾ മാത്രം ഗുണമേന്മ പരിശോധന നടത്തുന്നതിന് കത്ത് നൽകുകയും 24.9.2018ൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉല്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മ പരിശോധനയ്ക്ക് സാമ്പിളുകൾ ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്ന ബ്രാന്റ് ഇൻഡസ്ട്രീസിന്റെ മേശ, കസേര എന്നിവ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാക്കാത്തതിന്റെ കാരണം വ്യക്തമല്ല

2.സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഈ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരമുള്ള രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

3. 83 വീതം മേശയും കസേരയും വാങ്ങിയ ഇനത്തിൽ വൃന്ദാവനം ടിമ്പേഴ്സിന് 397570/- രൂപ മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ പ്രകാരം മാറി നൽകിയിട്ടുണ്ട്. 2.50 ലക്ഷത്തിനു മുകളിലുള്ള തുകയ്ക്ക് സോഴ്സിൽ നിന്ന് തന്നെ ആദായനികുതി ഈടാക്കാണ്ടതാണെന്നിരിക്കെ പ്രസ്തുത തുകയ്ക്ക് ആദായനികുതി ഈടാക്കിയിട്ടില്ല.

4. അഭിരാം. ബി, കുന്നുംപുറത്ത് വീട്, പനയമുട്ടം പി.ഒ, അഹല്യ.എസ്, ആലുംകുഴി, അനന്യ ഷിബു, കൊച്ചുമാങ്കുഴി തടത്തരികത്തുവീട് എന്നീ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. 83 മേശ, കസേര എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും വിതരണരജിസ്റ്റർ പ്രകാരം 71 ഗുണഭോക്താക്കൾ മാത്രമേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളു. 12 വീതം മേശയും കസേരയും വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

II. ക്രമനം.ബി പ്രകാരമുള്ള പ്രോജക്ടിൽ 40 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ , കസേര എന്നിവ വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ക്രമ നം. എയിലെ പ്രോജക്ട് പരാമർശം 1ൽ പ്രതിപാദിച്ചിട്ടുള്ളവ കൂടാതെ താഴെപ്പറയുന്ന അപാകത കൂടി ക്രമനം. ബിയിലെ പ്രോജക്ടിൽ കാണുന്നു.പ്രസ്തുത പ്രോജക്ട് പ്രകാരം ആകെ 41 മേശ, കസേര എന്നിവ വൃന്ദാവൻ ടിമ്പേഴ്സിൽനിന്ന് വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും

വിതരണ രജിസ്റ്റർ പ്രകാരം 37 ഗുണഭോക്താക്കൾ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നത്. 4 വീതം മേശയും കസേരയും വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42 ന് ബ്രാന്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് ടെണ്ടർ ലഭിക്കാത്ത സാഹചര്യത്തിൽ ഫോറസ്റ്റ് റെഞ്ച് ഓഫീസർക്ക് ഗുണമേന്മ സാക്ഷ്യപത്രത്തിന് നൽകേണ്ട ആവശ്യമില്ലായെന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര ആനുകൂല്യങ്ങൾ നൽകുന്നില്ലായെന്നറിഞ്ഞതിന്റെ പേരിലാണ് രേഖകൾ ആവശ്യപ്പെടാത്തതെന്നും വൃന്ദാവൻ ടിമ്പേഴ്സിൽ നിന്ന് ആദായനികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വൃന്ദാവൻ ടിമ്പേഴ്സ് പഞ്ചായത്തിന്റെ സമീപമുള്ള സ്ഥാപനമായതിനാൽ ടോക്കൺ നൽകി ഗുണഭോക്താക്കൾ വൃന്ദാവനിൽ നിന്ന് നേരിട്ട് വാങ്ങുകയായിരുന്നുവെന്നും ബാക്കിയുള്ളവ വൃന്ദാവൻ ടിമ്പേഴ്സിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ബ്രാന്റ് ഇൻഡസ്ട്രീസ് ഗുണമേന്മ പരിശോധനയക്കായി ഉപകരണങ്ങൾ ഹാജരാക്കിയിരുന്നുവെന്ന് 14.8.2018ലെ ഭരണസമിതി തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കെ ഗുണമേന്മ സാക്ഷ്യപത്രത്തിന് ഫോറസ്റ്റ് റേഞ്ച് ഓഫീസർക്ക് നൽകേണ്ടതില്ലായെന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയെന്നിരിക്കേ സാധനങ്ങൾ കൈപ്പറ്റി സ്റ്റോക്കിലെടുക്കയോ വിതരണം ചെയ്യുകയോ ചെയ്യാതെ ഉപകരണങ്ങൾ വൃന്ദാവൻ ടിമ്പേഴ്സിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്ന മറുപടിയും അംഗീകരിക്കാൻ കഴിയുന്നതല്ല. പ്രോജക്ട് എ, ബി എന്നിവയിലായി വിതരണം ചെയ്യാതെ അവശേഷിക്കുന്ന 16 മേശയുടെയും 16 കസേരയുടെയും വിലയായ 76640/- രൂപ തടസ്സം ചെയ്യുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് ഫോറസ്റ്റ് റേഞ്ച് ഓഫീസർ ഗുണമേന്മ സാക്ഷ്യ പത്രം നല്കിയിട്ടുള്ള അതേ ഗുണനിലവാരത്തോടു കൂടി യ മേശ, കസേര എന്നിവ വിതരണം ചെയ്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-34 ലൈഫ് ഭവനപദ്ധതി -ചെലവുരേഖകളും സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

എ)പ്രോജക്ട് നം. S0120/19

പേര് - ലൈഫ് ഭവനപദ്ധതി (എസ്.സി.പി)

അടങ്കൽ - വികസനഫണ്ട് (എസ് സി.പി)726160

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ 11072018

ബ്ളോക്ക് പഞ്ചായത്ത് വിഹിതം 537405

ജില്ലാപഞ്ചായത്ത് വിഹിതം 1303870

ബി) പ്രോജക്ട് നം. S0117/19

പേര് - ലൈഫ് ഭവനപദ്ധതി (ജനറൽ)

അടങ്കൽ - വികസനഫണ്ട് 4654800

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ 176846347

ബ്ളോക്ക് പഞ്ചായത്ത് വിഹിതം2983122

ജില്ലാപഞ്ചായത്ത് വീഹിതം 3915731

പ്രസ്തുത പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ഹഡ്കോയിൽ നിന്നുള്ള വായ്പയുടെ ചെലവ് സംബന്ധിച്ച കൃത്യത പരിശോധിക്കാനായിട്ടില്ല. സ്ഥാപനത്തിന്റെ എ.സി.ആർ പ്രകാരം ഹഡ്കോയിൽ നിന്ന് 11.1.2019ൽ 22915885/- രൂപയും(ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരം 2.1.2019ൽ) 28.3.2019ൽ 87724115/- രൂപയും (ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരം 28.3.2019)വരവുണ്ട്. ആകെ 110640000/- രൂപയാണ് ഈയിനത്തിൽ എ.സിആർ/ ബാങ്ക് സ്റ്റേറ്റുമെന്റ് എന്നിവ പ്രകാരം തൻവർഷത്തെ വരവ് . എ.സി.ആർ പ്രകാരം 31.3.2019ലെ ക്ളോസിംഗ് ബാലൻസ് 18437795/- രൂപയാണ്. (ബാങ്ക് സ്റ്റേന്റുമെന്റ് പ്രകാരം 30.3.2019ലെ ക്ളോസിംഗ് ബാലൻസ് 82829592/- രൂപയാണ്. ആയത് ബാങ്ക് ബുക്കുമായി റീകൺസിലിയേഷൻ നടത്തിയിട്ടുണ്ട്) അപ്രകാരമെങ്കിൽ ചെലവ് 92202205/- രൂപയാണ്. എന്നാൽ എക്സ്പെൻഡിച്ച്രർ സ്റ്റേറ്റുമെന്റ് പ്രകാരം ലൈഫ്(ജനറൽ) എസ്,.സി.പി എന്നീ പദ്ധതികളിലായി ഈയിനത്തിലെ ചെലവ് 84042205/- രൂപയാണ്. വ്യത്യാസം 8160000/- രൂപ. ഈയിനത്തിലെ ചെലവ് ജനറൽ, എസ്.സി.പി എന്നിങ്ങനെ തരം തിരിച്ച് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43 ന് 30.3.19 ന് എസ്.ബി.ഐ ബാങ്കിൽ നൽകിയ 7100000(ചെക്ക നം. 61959/30.3.19) 1060000 (ചെക്ക് നം. 61960/30.3.19) എന്നീ ചെക്കുകൾക്കുള്ള റിക്വസിഷൻ സാംഖ്യ വെബിലൂടെ അയയ്ക്കാൻ കഴിയാത്തതിനാലാണ് 8160000/- രൂപ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ വരാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഹഡ്ക്കോ വായ്പായിനത്തിലെ ആകെ ചെലവ് ജനറൽ, എസ്.സി.പി എന്നിങ്ങനെ ക്രമപ്പെടുത്തി രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) പ്രോജക്റ്റ് നം. SO122/19

പേര് - ലൈഫ് ഭവനപദ്ധതി (ടി.എസ്.പി)

അടങ്കൽ - വികസനഫണ്ട് (ടിഎസ്.പി)740430

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ 3408415

ബ്ളോക്ക് പഞ്ചായത്ത് വിഹിതം 252500

ജില്ലാപഞ്ചായത്ത് വീഹിതം 689085

ബിൽ നം.12/8.11.18-160000

14/7.12.18-40000

21/17.1.19-250000

ചെക്ക് നം. 2835615/17.1.19-160000

2835617/29.1.19-160000

2835613/27.12.18-390000

2835620/22.2.19-100000

2835628/22.3.19-100000

ലഭ്യമാക്കിയ ചെലവു രേഖകൾ പ്രകാരം വികസനഫണ്ട് വിഹിതമിനത്തിൽ 450000/- രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 252500/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 657500/- രൂപയുമാണ് ചെലവ്. ആകെ 1360000/- രൂപ. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ഈയിനത്തിലെ ആകെ ചെലവ് 1391585/- രൂപയാണ്. വ്യത്യാസം 31585/- രൂപ. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 44 ന് 31585/- രൂപ ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ റിക്വസിഷൻ അയയ്ക്കുകയും സെക്രട്ടറി അപ്രൂവ് ചെയ്ത് സുലേഖയിൽ ചെലവായി വന്നിട്ടുണ്ടെന്നും എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക കൈപ്പറ്റിയിട്ടില്ലായെന്നുമാണ് അറിയിച്ചിരിക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ

അവസാന ദിനമായതിനാൽ സുലേഖയിൽ ക്യാൻസൽ ചെയ്യാൻ കഴിഞ്ഞില്ലായെന്നും ജില്ലാ പഞ്ചായത്ത് വിഹിതമായ മേൽതുക ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. പദ്ധതികളുടെ ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-അപാകങ്ങൾ

പ്രോജക്ട് നം. S0124/19

പേര് - വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ

അടങ്കൽ - വികസനഫണ്ട് (എസ്.എസ്.പി)300000

തനത് ഫണ്ട് 150

ചെലവ് ബിൽ നം. 19/20.12.18-298738

തെരഞ്ഞെടുത്ത 69 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കട്ടിൽ വാങ്ങുന്നതിലേയ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ 7 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. അതിൽ ആഞ്ഞിലി തടിയിലുള്ള കട്ടിലിന്റെ തുക ക്വാട്ട് ചെയ്തിരുന്നത് ആരോഹണക്രമത്തിൽ വിഷ്ണു സ്റ്റീൽ (2900) ബ്രാന്റ് ഇന്റീരിയേഴ്സ് (3200/-)പ്രീമിയർ ഹൗസ്(3470-) ശബരി (3479/-) രാജധാനി(3484/-).ട്രൈടെക്ക്(3895/-) വൃന്ദാവനം ടിമ്പേഴ്സ്(4036/-), എന്നിങ്ങനെയായിരുന്നു. 14.8.2018ലെ ഭരണസമിതി തീ 1/1ൽ ഗുണമേന്മ പരിശോധിക്കുന്നതിന് സ്ഥാപനങ്ങളോട് 6.8.2018ൽ സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും ബ്രാന്റ് ഇന്റീരിയേഴ്സ്, പ്രീമിയർ ഹൗസ്, ശബരി, രാജധാനി വൃന്ദാവനം ടിമ്പേഴ്സ് എന്നിവ സാമ്പിൾ ഹാജരാക്കിയെന്നും ബ്രാന്റ് ഇൻഡസ്ട്രീസിന്റെ ഉല്പന്നം അംഗീകരിക്കണമെന്ന അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർദ്ദേശം പഞ്ചായത്ത് തല പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളും പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളും ഗുണനിലവാരമില്ലായെന്ന് വിലയിരുത്തി നിരസിക്കുകയും വൃന്ദാവൻ ടിമ്പേഴ്സ് ആന്റ് ഫർണിച്ചറിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ (തീയതി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല) മേൽ പദ്ധതിയ്ക്ക് ടെണ്ടർ ക്ഷണിക്കുന്നതിന് മാത്രമാണ് തീരുമാനിച്ചിരിക്കുന്നത്. അതിനുശേഷം 15.2.2019ൽ മാത്രമാണ് പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിരിക്കുന്നത്. അതിനാൽ പ്രോക്യൂർമെന്റ് കമ്മിറ്റി എപ്രകാരമാണ് ഗുണമേന്മ പരിശോധന നടത്തിയത് എന്ന് വ്യക്തമല്ല. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷം 3.9.2018ൽ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർക്ക് വൃന്ദാവനം ടിമ്പേഴ്സിന്റെ ഫർണിച്ചറുകൾ മാത്രം ഗുണമേന്മ പരിശോധന നടത്തുന്നതിന് കത്ത് നൽകുകയും 24.9.2018ൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉല്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മ പരിശോധനയ്ക്ക് സാമ്പിളുകൾ ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്ന ബ്രാന്റ് ഇൻഡസ്ട്രീസിന്റെ മേശ, കസേര എന്നിവ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

2. ശാന്ത.എൽ, വീട്ടിക്കാട്ടു കുന്നുംപുറത്ത് വീട്, സുമതി, കിടാരക്കുഴി, ലളിത. അയണിമൂട്, കിഴക്കുംകര, ചന്ദ്രൻ, അനുനിവാല്, കള്ളിപ്പാറ, ഗിരിജ, ചരുവിള വീട്, ബേബി.സി, പാലക്കുഴി പുത്തൻവീട്, സുമതി, കിടാരക്കുഴി, ദേവകി, ആറ്ററികത്തു വീട് എന്നീ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3. എസ്തർ, മരുതുംമൂട് എന്ന ഗുണഭോക്താവ് ഒ.ഇ.സിയുടെ ജാതി സർട്ടിഫിക്കറ്റാണ് ലഭ്യമാക്കിയിട്ടുള്ളത്.

4. . താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള രേഖകൾ പ്രകാരം പ്രായം 60ൽ താഴെയാണ്.

ശാന്ത. എൽ, മീൻമുട്ടി( D.O.B 1966)

ലളിത. അയണിമൂട്, കിഴക്കുംകര( D.O.B 1966)

ബേബി.സി പാലക്കുഴി പുതുവൽ പുത്തൻ വീട്( D.O.B 1963)

എൻ. വീജയകുമാർ, കള്ളിപ്പാറ( D.O.B 1962)

5. 74 കട്ടിലുകൾ വൃന്ദാവനം, ടിമ്പേഴ്സിൽ നിന്ന് വാങ്ങിയിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 63 ഗുണഭോക്താക്കൾ മാത്രമേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളൂ.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 45 ന് ബ്രാന്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഗുണമേന്മ സാക്ഷ്യപത്രത്തിന് വേണ്ടി ഫോറസ്റ്റ് റെയിഞ്ച് ഓഫീസർക്ക് കത്ത് നൽകിയിട്ടില്ലായെന്നും ജാതി സർട്ടിഫിക്കറ്റ്, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയതിനു ശേഷമാണ് ആനുകൂല്യം നൽകിയിരിക്കുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പഞ്ചായത്തിൽ നിന്നും സ്ളിപ്പ് കൊടുക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾ സ്ഥാപനത്തിൽ നിന്ന് നേരിട്ടാണ് വാങ്ങിയിരുന്നതെന്നും ബാക്കിയുള്ളവ ടി സ്ഥാപനത്തിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ബാക്കിയുള്ള കട്ടിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-36 പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും-അവലോകനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 112 പദ്ധതികൾ ഏറ്റെടുത്തു. ഇതിൽ 73 പദ്ധതികൾ തൻവർഷം നടപ്പിലാക്കി. ആകെ 38915121/-രൂപാ വകയിരുത്തിയതിൽ 24723124/-രൂപാ ചെലവഴിച്ചിട്ടുണ്ട്. നിർവഹണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | പുതിയ പദ്ധതികൾ | സ്പിൽഓവർ പദ്ധതികൾ | ആകെ പദ്ധതികൾ |
|---|---|---|---|
| ഏറ്റെടുത്തവ | 82 | 30 | 112 |
| നടപ്പിലാക്കിയവ | 44 | 29 | 73 |
| നടപ്പിലാക്കാത്തവ | 38 | 01 | 39 |

i.അവസ്ഥാരേഖ (Status Report) -കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനു മുന്നോടിയായി തദ്ദേശ ഭരണസ്ഥാപനം ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചുകഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും സമന്വയിപ്പിച്ച് അവസ്ഥാവിശകലനം നടത്തണം.അവസ്ഥാവിശകലനത്തിൽ നിന്നും ബന്ധപ്പെട്ട വികസനമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ ഉൾപ്പെടെയാണ് അവസ്ഥാ രേഖ പരിഷ്കരിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ അവസ്ഥാരേഖ പരിഷ്കരിച്ചിട്ടില്ല. ആസൂത്രണ സമിതി,ഭരണസമിതി,പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്.

ii.പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം മെച്ചപ്പെടണം.

2018-19 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 12-01-18 ലും 24-02-18 ലും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരിച്ചിട്ടില്ല. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിർദ്ദേശം പാലിച്ചു കാണുന്നില്ല. സർക്കാർ ഉത്തരവ്(കൈ നം 11/2018 ത.സ്വ.ഭ.വ തീയതി 29-01-2018 പ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പ് നിർവഹിക്കേണ്ടതാണ്.

iii.വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ പദ്ധതികളായി രൂപപ്പെടേണ്ടതുണ്ട്.

12-01-18, 24-02-18 എന്നീ തീയതികളിൽ യോഗം ചേർന്ന വർക്കിംഗ് ഗ്രൂപ്പ് കൈക്കൊണ്ട നിർദ്ദേശങ്ങളിൽ പലതും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല. യഥാക്രമം 20,14 അംഗങ്ങൾ വീതം ഈ രണ്ടു യോഗങ്ങളിലും പങ്കെടുത്തിട്ടുണ്ട്. 09-03-18 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം 113 റോഡ് പദ്ധതികൾ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ സ്പിൽ ഓവർ ഉൾപ്പെടെ റോഡ് പദ്ധതികൾ തൻവർഷം ഏറ്റെടുത്തിട്ടും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച എല്ലാ ശുപാർശകളും പദ്ധതികളായി പരിണമിച്ചില്ല. ചുവടെ പരാമർശിക്കുന്ന റോഡിതര പദ്ധതികളുടെ നിർദ്ദേശങ്ങൾ പദ്ധതികളായി മാറിയിട്ടില്ല.

1.പാണ്ഡ്യൻപാറ അംഗൻവാടി റൂഫിംഗ്.

2.പാണ്ഡ്യൻപാറ വെയിറ്റിംഗ് ഷെഡ് നിർമ്മാണം.

3.ചോനൻവിള വെയിറ്റിംഗ്ഷെഡ് നിർമ്മാണം

4.പേരയം മാർക്കറ്റ് ജംഗ്ഷൻ ടോയ് ലറ്റ് നിർമ്മാണം.

5.പേരയം വെയിറ്റിംഗ്ഷെഡ് നിർമ്മാണം.

6.പാലോട് ഹോസ്പിറ്റലിൽ വെയിറ്റിംഗ്ഷെഡ് നിർമ്മാണം.

7.തോട്ടുമുക്ക് അംഗൻവാടി റൂഫിംഗ്.

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രധാന നിർദ്ദേശങ്ങൾ തൻവർഷം പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.പദ്ധതി രൂപീകരണ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടതും ഗ്രാമസഭാ നിർദ്ദേശങ്ങളുടെയും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-37 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിവേണം റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ 75% ൽ അധികം പ്രവൃത്തികളും റോഡ് പ്രവൃത്തികളാണ്. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവ തയ്യാറാക്കി റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-38 അനുവദനീയമല്ലാത്ത ഇനങ്ങൾ റീ-ടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തു.

ധനകാര്യ വകുപ്പിന്റെ (ഇൻസ്പെക്ഷൻ വിഭാഗം-സാങ്കേതികം)20/07/2016 ലെ സർക്കുലർ നം. 16/2016 അനുസരിച്ച് റോഡുകളുടെ സബ് ബേസ്/ബേസ് കോഴ്സ് എന്നിവ ചെയ്യാൻ Wet Mix Mecadam ഉപയോഗിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പുതുതായി ഒരു റോഡ് മെറ്റൽ ചെയ്യേണ്ട സാഹചര്യത്തിലാണ് ഉപയോഗിക്കേണ്ടത്. ആയതിനാൽ MoRD Specification അനുസരിച്ച് Wet Mix Mecadam,Priming coat എന്നീ ഇനങ്ങൾ fresh tarring പ്രവൃത്തികളിൽ മാത്രമാണ് ഉപയോഗിക്കേണ്ടത്.റീ ടാറിംഗ് പ്രവൃത്തികളിൽ ഈ ഇനങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. റീ ടാറിംഗ് പ്രവൃത്തികളിൽ pot hole filling/penetration mecadam (ടാർ ഉപയോഗിച്ച്) നടത്തിയാണ് പ്രവൃത്തി നിർവഹിക്കേണ്ടത്.എന്നാൽ നന്ദിയോട് ഗ്രാമ പഞ്ചായത്തിൻ ബി.ആർ.എം റോഡ് റീ ടാറിംഗ് (പദ്ധതി നം 18/19)എന്ന പ്രവൃത്തിയിൽ അനുവദനീയമല്ലാത്ത ഇനങ്ങളായ Wet Mix Mecadam,Priming coat എന്നീ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചുവടെ പറയും പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.

1.WMM ന് തുക നൽകിയത്-11.25$m^3$@3097/-$m^3$=34841/-

2.Prime coat തുക നൽകിയത്=150$m^2$@30.56/$m^2$=4584/-

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (18/19) നൽകിയപ്പോൾ പ്രസ്തുത റോഡിന്റെ മെറ്റൽ,ടാർ എന്നിവ പൂർണ്ണമായും ഒലിച്ചുപോയ സ്ഥിതിയിലായിരുന്നു എന്നും WMM ഉപയോഗിക്കുന്നതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.എന്നാൽ ഈ വിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.നിർവഹണം നടത്തേണ്ട പ്രവൃത്തി സംബന്ധിക്കുന്ന പൂർണമായവിവരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ചേർക്കേണ്ടതും ആയതിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിക്കേണ്ടതും അധികച്ചെലവുണ്ടാകുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

# 1-39 റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹിച്ചു- മരാമത്ത് ചട്ടങ്ങളുടെ ലംഘനം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (go(p)13/2012/pwd/dtd 01.02.2012സെക്ഷൻ 1601-1-4പ്രകാരം ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വേണ്ട പക്ഷം റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. എന്നാൽ പച്ച ടെമ്പിൾ പച്ചക്കാട് റോഡ് റീടാറിംഗ് എന്ന പ്രവൃത്തി(132/19) എം ബുക്ക് പ്രകാരം 17/09/18ലാണ് നിർവഹണം ആരംഭിച്ചിരിക്കുന്നത്.എന്നാൽ ഈ പ്രവൃത്തി 30/08/18ൽ ഭരണസമിതി തീരുമാനം 1(6)പ്രകാരം റിവൈസ് ചെയ്തിട്ടുണ്ട്.പ്രവൃത്തിയുടെ നിർവഹണം തുടങ്ങുന്നതിന് മുമ്പ്തന്നെ പ്രവൃത്തി റിവൈസ് ചെയ്യാൻ കൈക്കൊണ്ട തീരുമാനം പൊതുമരാമത്ത് മാന്വലിന് വിരുദ്ധമാണ്. പൊതുമരാമത്ത് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവഹിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ മരാമത്ത് ചട്ടങ്ങൾക്ക് വിധേയമായി പ്രവൃത്തികൾ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-40 എംബാങ്ക്മെന്റ് നിർമ്മാണം-കൺസോളിഡേഷൻ കുറവ്ചെയ്യാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.അധികച്ചെലവിന് കാരണമാകുന്നു.

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ എംബാങ്ക്മെന്റ് നിർമ്മാണത്തിൽ

കൺസോളിഡേഷൻ കുറവ് ചെയ്യാതെയാണ് അളവ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ പ്രവൃത്തിയുടെ നിർവഹണ ഘട്ടത്തിൽ എസ്റ്റിമേറ്റുകളിലെ അളവിനെക്കാളും കൂടുതൽ അളവ് മണ്ണ് ഫില്ല് ചെയ്യാൻ ഉപയോഗിക്കുകയും ഈ ഘട്ടത്തിൽ കൺസോളിഡേഷൻ കുറവ്ചെയ്ത് എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്തി തുക അനുവദിക്കുകയും ചെയ്യുന്നു. എന്നാൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾത്തന്നെ കൺസോളിഡേഷൻ കുറവ് ചെയ്തുള്ള അളവിന് ക്വാണ്ടിറ്റി നിശ്ചയിച്ചിരുന്നുവെങ്കിൽ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു. ചുവടെ പറയുന്ന പ്രവൃത്തികളിൽ ഈ അപാകം ശ്രദ്ധയിൽപ്പെട്ടു.

<u>1.കണ്ണനാശാരിമുക്ക് കട്ടുവാപ്പാറ റോഡ് കോൺക്രീറ്റിംഗ്</u>

ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണത്തിന് കണക്കാക്കിയിരിക്കുന്ന മണ്ണിന്റെ അളവ് (കൺസോളിഡേഷൻ കുറവ് ചെയ്യാതെ) 66.640m$^3$ ആണ്.എന്നാൽ പ്രവൃത്തി നിർവഹിച്ചപ്പോൾ 84m$^3$ മണ്ണ് ഉപയോഗിക്കുകയും 20% കൺസോളിഡേഷൻ കുറവ് ചെയ്ത് 66.640m$^3$ ൽ പരിമിതപ്പെടുത്തി തുക 22990.13/-രൂപ (66.64m$^3$@344.99/-m$^3$) നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തന്നെ 20% കൺസോളിഡേഷൻ കുറവ് ചെയ്തിരുന്നുവെങ്കിൽ 4598/-രൂപയുടെ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.(13-328m$^3$@344.99/-m$^3$)

<u>2.തുമ്പിയാം കുന്ന് ചുണ്ടക്കരിക്കകം റോഡ് കോൺക്രീറ്റിംഗ്.</u>

ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണത്തിന് കണക്കാക്കിയിരിക്കുന്ന മണ്ണിന്റെ അളവ് (കൺസോളിഡേഷൻ കുറവ് ചെയ്യാതെ) 36.960m$^3$ ആണ്. എന്നാൽ പ്രവൃത്തി നിർവഹിച്ചപ്പോൾ 46.48m$^3$ മണ്ണ് ഉപയോഗിക്കുകയും 20% കൺസോളിഡേഷൻ കുറവ് ചെയ്ത് 36.960m$^3$ൽ പരിമിതപ്പെടുത്തി തുക 14869.01/-രൂപ (36.960m$^3$@402.30/-m$^3$) നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തന്നെ 20% കൺസോളിഡേഷൻ കുറവ് ചെയ്തിരുന്നുവെങ്കിൽ 2973/-രൂപയുടെ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.(7.392m$^3$@402.30/-m$^3$).

ഇരു പ്രവൃത്തികളിലുമായി 7571/-രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/2019) തുടർന്ന് കൺസോളിഡേഷൻ കുറവ്ചെയ്യുന്ന രീതിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 1-41 മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാർ ചമയ്ക്കുന്നതിൽ കാലതാമസം-കരാറുകാർക്ക് അധികലാഭത്തിന് വഴിതെളിയുന്നു.

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചതു മുതൽ കരാർ ചമച്ച് പ്രവൃത്തി നിർവഹിക്കുന്നതുവരെയുള്ള കാലതാമസം മൂലം കരാറുകാർക്ക് അധികലാഭം ഉണ്ടാകുന്നതിന് കാരണമാകുന്നു. പ്രസ്തുത പ്രവൃത്തികളിലെല്ലാം തന്നെ അംഗീകാരം ലഭിക്കുന്ന സമയത്തെ കോസ്റ്റ് ഇൻഡക്സിനെക്കാൾ കുറവാണ് പ്രവൃത്തികളുടെ നിർവഹണസമയത്തെ കോസ്റ്റ് ഇൻഡക്സ് എന്നതിനാലാണ് ഇത്തരത്തിൽ ലാഭം ഉണ്ടാകുന്നത്. വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് അടങ്കൽ | ഭരണാനുമതി ലഭിച്ച തീയതി-കോസ്റ്റ് ഇൻഡക്സ് | കരാർചമയ്ച തീയതി | നിർവഹണം തുടങ്ങിയ തീയതി-കോസ്റ്റ് ഇൻഡക്സ് | കോസ്റ്റ് ഇൻഡക്സിലെ കുറവ് | കരാറുകാരൻ |
|---|---|---|---|---|---|
| കലങ്കാവ് കോണത്ത് പച്ച മുട്ടമ്പ് ഫുഡ്പാത്ത് കോൺക്രീറ്റിംഗ്(153/19)200000/- | തീരുമാനം നം 1(1)തീയതി 29/05/17 | 31/10/17 | 2/7/2018 44.14% | 6.86% | സി.കുമാരൻ |

| | | | | | |
|---|---|---|---|---|---|
| | 50.98% | | | | |
| ആനക്കുഴി മൺപുറം പ്രാമല ഫുഡ്പാത്ത് കോൺക്രീറ്റിംഗ്-(242/19)-200000/- | തീരുമാനം നം 1(1)തീയതി 29/05/17<br><br>50.98% | 31/10/17 | 2/7/2018<br><br>44.14% | 6.86% | സി.കുമാരൻ |
| ആനക്കുളം ഏറെ പേരയം റോഡ് ഫുഡ്പാത്ത്-(247/19)-625000/- | തീരുമാനം നം 1(1)തീയതി 29/05/17<br><br>50.98% | 02/11/17 | 02/11/17<br><br>44.14% | 6.86% | അനീഷ് |

ഭാവിയിൽ ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്. ഭരണാനുമതി ലഭിക്കുന്ന കാലയളവിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതു വഴി കരാറുകാരൻ അധിക ലാഭം ലഭിക്കുന്നത് ഒഴിവാക്കാവുന്നതാണ്.

# 1-42 പൊതുമരാമത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം-നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി.01/02/2012 സെക്ഷൻ 2112,2112-1 എന്നിവ പ്രകാരം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ആദ്യ തവണPAC യുടെ 1% ഉം,ആദ്യ തവണയ്ക്ക ശേഷം PAC യുടെ 2% ഉം പിഴ ഈടാക്കിക്കൊണ്ട് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്.(ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 25%ഉം പരമാവധി ദീർഘീകരണം 50% ഉം അധികരിക്കാൻ പാടില്ല. കൂടാതെ ഉത്തരവ് നം എ.സി.2/223/2015/ത.സ്വ.ഭ.വ.തീയതി.18/08/18 പ്രകാരം പിഴ ഈടാക്കിക്കൊണ്ട് പ്രവൃത്തി ദീർഘിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ആദ്യ മൂന്ന് മാസം വരെ PAC യുടെ 1% ഉം പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും PAC യുടെ 2%ഉം ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.എന്നാൽ ബി.ആർ.എം.ജംഗ്ഷൻ പോരിയം റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിൽ നിയമാനുസൃത പിഴ ഈടാക്കിയതായി കാണുന്നില്ല.

പദ്ധതി നം -238/2019

അടങ്കൽ -1000000/-

PAC -938814/-

ചെലവ് -936706/-

നിർവഹണം - അസി.എഞ്ചിനീയർ

കരാറുകാരൻ- -കെ.പി.റ്റിറ്റു.

ബിൽ നം -46/18-19 തീ. 24/11/18-350000/-

എം ബുക്ക് നം -53/ 18-19 തീ. 20/12/18-586706/-

കരാർ ചമച്ച തീയതി -02/11/2017

പൂർത്തീകരിക്കേണ്ട തീയതി -01/05/2018(6മാസം)

പൂർത്തീകരിച്ച തീയതി -19/09/2018

വൈകിയ ദിനങ്ങൾ -141

*ഈടാക്കേണ്ട പിഴ-02/05/2018 മുതൽ 01/08/2018 വരെ 938814/-രൂപയുടെ 1%=9388

*03/05/2018 മുതൽ 19/09/2018 വരെ(49 ദിവസം)

938814= രൂപയുടെ 2%=18776/-

18776x49/90=10222/-

ആകെ ഈടാക്കേണ്ടിയിരുന്ന പിഴ=19610/-

ഈടാക്കിയ പിഴ=9367

കുറവ്=10243/-

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(18/19) നല്കിയപ്പോൾ പ്രവൃത്തിപൂർത്തീകരിക്കാൻ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ലെന്നും പ്രതികൂല കാലാവസ്ഥകാരണമാണ് പ്രവൃത്തി പൂർത്തീകരണം വൈകിയതെന്നുമാണ് മറുപടി നൽകിയത്. ഇത് സംബന്ധിച്ച് ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണം വൈകിയതിന് 9367/-രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ മേൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ പിഴയിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന 10243/-ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-43 ലൈഫ് ഭവനപദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

ലൈഫ് ഭവനപദ്ധതിയുടെ ഫയലുകൾ, രജിസ്റ്ററുകൾ, പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1.. സ. ഉ(എം.എസ്) നം. /ത.സ്വ.ഭ.വ തീയതി . 31.7.2017 ഖണ്ഡിക 7(7) പ്രകാരം അന്തിമ പട്ടികയ്ക്ക് അംഗീകാരം ലഭിച്ച കഴിഞ്ഞാൽ ഗുണഭോക്താക്കളുടെ ഫോട്ടോ എടുത്ത് ആയത് പട്ടികയോടൊപ്പം ഉൾപ്പെടുത്തി ഉള്ളടക്കം ചെയ്ത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താവിന്റെ വിവരങ്ങൾ ഫോട്ടോ എന്നിവ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഗുണഭോക്താവിന്റെ പേര് മേൽവിലാസം, അച്ഛൻ,/അമ്മയുടെ പേര്, മുൻഗണന, ക്ളേശഘടകം എന്നിവ പട്ടികയിൽ ഉണ്ടായിരിക്കേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സ്ഥാപനത്തിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ 134 ഭവനരഹിതരുടെ സാധ്യതാപട്ടികയും 273 ഭൂരഹിത ഭവനരഹിതരുടെ സാധ്യതാപട്ടികയും മാത്രമാണ് ഉള്ളത്. ഗുണഭോക്താവിന്റെ പേര്, മേൽവിലാസം, റേഷൻ കാർഡ് നം. , റിസ്ക് ഫാക്ടർസംബന്ധിച്ച വിവരം എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2. 9.7.2018ലെ ഭരണസമിതി തീരുമാനം 2(1) പ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 512 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. എന്നാൽ താഴെപ്പറയുന്ന 10 ഗുണഭോക്താക്കളെ ആനുകൂല്യം നൽകുന്നതിൽ നിന്ന് പ്രസ്തുത ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. ആയതിന് ഭരണ സമിതിയുടെ അംഗീകാരം, ഗ്രാമസഭയുടെ വിശദാംശം, 10 ഗുണഭോക്താക്കളെ ഒഴിവാക്കിയതിന്റെ കാരണം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ഗുണഭോക്തൃ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 758174 | സരസ്വതി |
| 790029 | സാവിത്രി. ബി |
| 801621 | സദാനന്ദൻ പിള്ള |
| 840510 | രഞ്ജി മുരുകരാജ് |
| 841786 | സനോജ്. എം |
| [illegible] | [illegible] |

| | |
|---|---|
| 841833 | ഉഷാകുമാരി. പി |
| 843673 | ശ്യാമള |
| 860773 | രജനി. ആർ |
| 889798 | ക്രിസ്റ്റീന |
| 889799 | ലീലാഭായി |

3. സ. ഉ(എം.എസ്) നം. /ത.സ്വ.ഭ.വ തീയതി . 31.7.2017 ഖണ്ഡിക 7(3) പ്രകാരം ഗ്രാമസഭയിൽ വിശദമായി ചർച്ച ചെയ്ത് അനർഹർ ആരെങ്കിലും ഉള്ള പക്ഷം ടി വിവരവും അർഹർ ആരെങ്കിലും പട്ടികയിൽ ഉൾപ്പെടാത്ത പക്ഷം ടി വിവരവും വിശദമായി രേഖപ്പെടുത്തിയ റിപ്പോർട്ടും മിനിട്സ് ബുക്കും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് ഗ്രാമസഭ കൺവീനർമാർ കൈമാറേണ്ടതാണ്. അപ്രകാരമുള്ള മിനിട്സ് ബുക്ക് പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല

4. 9.7.2018ലെ ഭരണസമിതി തീരുമാനം 2/1ൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശം ചുവടെ

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | തുക കൈപ്പറ്റിയതിന്റെ വിശദാംശം |
|---|---|
| രാജൻ. എ<br>രാജി വിലാസം, പൊടിക്കിലം, പേരയം | ചെക്ക് നം. 061962/11.4.2019-40000<br>061973/24.6.2019-160000<br>061980/5.7.2019-100000 |
| ലളിത<br>തെക്കുംകര<br>തടത്തരികത്തുവിട്, ആനക്കുഴി, മീൻമുട്ടി. പി.ഒ | ചെക്ക് നം. 061962/11.4.2019-40000<br>061973/24.6.2019-160000 |
| മറിയക്കുട്ടി, കിഴക്കുകര വീട്, കള്ളിപ്പാറ, പാലോട്, പച്ച പി.ഒ | ചെക്ക് നം. 061962/11.4.2019-40000<br>061973/24.6.19-160000<br>061984/31.8.19-100000 |
| ആര്യ, അരുണഭവൻ, കുറുന്താളി, പാലോട്, പച്ച | ചെക്ക് നം. 2835603/17.10.18-40000<br>061956/29.3.19-160000<br>061970/16.5.2019-100000 |

ഇപ്രകാരം ഗുണഭോകതൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വ്യക്തമല്ല

5. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വിഹിതം, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം എന്നിവ ആനുപാതികമായാണ് ഗുണഭോക്താക്കൾക്ക് നൽകേണ്ടത്. എന്നാൽ അപ്രകാരമല്ല വിതരണം ചെയ്തതായി കാണുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 61 ന് ഡോക്യുമെന്റ് വെരിഫിക്കേഷൻ നടത്തിയതിനു ശേഷം MIS ചെയ്യുന്നതിന് കൂടുതൽ പേരെ നിയോഗിച്ചാണ് ചെയ്തതെന്നും ആസമയത്ത് സംഭവിച്ച ചില വിഷയങ്ങളാണ് വ്യത്യാസം വരാൻ ഇടയാക്കിയതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പഞ്ചായത്ത് അംഗീകരിച്ചത് 957 പേരുടെ ലിസ്റ്റാണെന്നും ഇവർക്ക് രേഖകൾ ശരിയാണെങ്കിൽ ആനുകൂല്യം നൽകുന്നതിന് തടസ്സമില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.

ഓഡിറ്റിന് ലഭ്യാക്കിയ ഗുണ ഭോക്തൃലിസ്റ്റ് പ്രകാരം 512 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

# 1-44 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ, പേര് : S0018/19, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ഫണ്ട് : മെയിന്റനൻസ് ഫണ്ട് റോഡിതരം

വകയിരുത്തൽ : 500000/- രൂപ

ചെലവ് : 500000/- രൂപ

ബിൽ നമ്പർ /തീയതി : 03/2018-19, തീയതി 21-08-2018

2018-19ൽ മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ നമ്പർ പ്രകാരം 500000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോ ഫാർമസി ലിമിറ്റഡിന് 21.08.2018 ന് neft വഴി കൈമാറിയിട്ടുണ്ട്. എന്നാൽ ആവശ്യപ്പെട്ട മരുന്നുകളിൽ 50% ത്തിൽ കൂടുതലും nil stock ആയിരുന്നിട്ടും യഥാസമയം മരുന്ന് ലഭ്യമായിട്ടില്ല. ഒരു വർഷത്തിനു ശേഷം 08.08.2019 ന് 66365/-രൂപയുടെയും (ഇൻവോയിസ് നം. എൽ.എഫ് 793), 12.03.2019 ന് 325061/-രൂപയുടെയും മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിലും, 108574/-രൂപയുടെ മരുന്നുകൾ നാളിതുവരെ ഹോംകോയിൽ നിന്നും ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കിട്ടാനുള്ള മരുന്നുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-45 ലൈബ്രറി പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

പദ്ധതി നം -S0140/19 ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങൽ

അടങ്കൽ - 50,000/-വികസന ഫണ്ട് ജനറൽ

ചെലവ് - 5500/-

നിർവഹണം - സെക്രട്ടറി

ബിൽ നം - 15/18-19, തീ.20.12.2018

ഗ്രാമ പഞ്ചായത്തിന് കീഴിലെ 13 ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകൽ പദ്ധതി പ്രകാരം നന്ദിയോട് ഗ്രാമ പഞ്ചായത്ത് പബ്ലിക് ലൈബ്രറിയിലേക്ക് 5500/- രൂപക്കുള്ള 60 പുസ്തകങ്ങൾ മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നമ്പർ.000180/29.10.2018 പ്രകാരം ലഭ്യമായിട്ടുള്ളതാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ 41 പുസ്തകങ്ങൾ മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.64 A/25.11.19) നൽകിയ മറുപടി തൃപ്തികരമല്ല. ബാക്കിയുള്ള പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നറിയിച്ചിട്ടുണ്ടെങ്കിലും അവയുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

# 1-46 വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് നിലനിൽക്കെ പുതുക്കിയ ലിസ്റ്റ് തയ്യാറാക്കി ആനുകൂല്യം നൽകുന്നു.

കന്ന്കുട്ടി വളർത്തൽ(ജനറൽ) പദ്ധതിക്കായി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് നിലനിൽക്കെ പുതുക്കിയ ലിസ്റ്റ് തയ്യാറാക്കി ആയതിൽ നിന്നാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ടി ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് അടുത്ത ഗ്രാമസഭയിൽ വെച്ച് സാധൂകരണം വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കിയിട്ടില്ല. നിലവിലുള്ള ലിസ്റ്റിൽ നിന്നുള്ള ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിക്കാത്ത സാഹചര്യത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണസമിതിയെ അറിയിച്ചതനുസരിച്ചാണ് പുതുക്കിയ ലിസ്റ്റ് തയ്യാറാക്കിയതെന്നാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.48/21.11.19) മറുപടി നൽകിയിട്ടുള്ളത്. പഞ്ചായത്തിലെ പല പദ്ധതികളും ഇത്തരത്തിൽ നടന്നിട്ടുണ്ട്. തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതിയാൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി മാറ്റം വരുത്താവുന്നതാണ്. എന്നാൽ അർഹരെ കൂട്ടിച്ചേർക്കുന്നതിന് ഗ്രാമസഭയുടെ അംഗീകാരം നേടിയെടുക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

2. പദ്ധതികളുടെ മോണിറ്ററിംഗ് നടക്കുന്നില്ല.

ആട്ട വളർത്തൽ, കന്നുകുട്ടി വളർത്തൽ, മുട്ടക്കോഴി വിതരണം തുടങ്ങിയ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളൊന്നും ശരിയായ രീതിയിൽ മോണിറ്ററിംഗ് നടന്നിട്ടില്ല. പദ്ധതി മാർഗ്ഗരേഖ 3.1.2 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റുകളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ ആയത് നടക്കുന്നില്ല. മാത്രമല്ല അപേക്ഷകൾ പൂർണ്ണമല്ല.

# 1-47 പാലിയേറ്റീവ് പദ്ധതിയിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**സാന്ത്വനം പാലിയേറ്റീവ് പരിചരണം. (പ്രൊജക്റ്റ് നം.S0015/19)**

| പ്രൊജക്റ്റ് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|
| S0015/19 | 800000 (വികസന ഫണ്ട്) | ബിൽ നം. 1/12.07.18 | 94420 |
| | | ബിൽ നം. 03/23.08.18 | 32740 |
| | | ബിൽ നം. 04/17.12.18 | 438241 |
| | | ബിൽ നം. 05/21.03.19 | 234599 |
| | | **ആകെ** | **800000** |

**a)** ഓരോ ദിവസത്തെയും ഹോം കെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹ സന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോം കെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതും മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

**b)** പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടു കൊണ്ടു പോകുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും മെഡിക്കൽ ഓഫീസർ കൺവീനറായും 9 അംഗങ്ങളുള്ള ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി (പി.ഐ.സി) രൂപീകരിക്കണമെന്നും പ്രസ്തുത കമ്മിറ്റി എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം

വിലയിരുത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ പി.ഐ.സി.രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-48 ഭവന നിർമ്മാണ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2018 – 19 ൽ വി ഇ ഒ നടപ്പാക്കിയ പി എം എ വൈ പഞ്ചായത്ത് വിഹിതം നല്കൽ ജനറൽ (SO 11/ 19), എസ് സി (SO 109/19) എന്നീ പദ്ധതികൾക്കായി യഥാക്രമം 890000/-രൂപ, 805000/- രൂപ എന്നീ തുകകൾ വികസനഫണ്ട് പൊതുവിഭാഗം, വികസനഫണ്ട് എസ് സി പി എന്നിവയിൽ നിന്ന് ബ്ളോക്ക് ഷെയർ കൊടുത്തിട്ടുണ്ട്. ആയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 54/25.11.2019 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ബ്ളോക്ക് പഞ്ചായത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് അത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-49 കുടുംബശ്രീ യൂണിറ്റുകൾക്കും പഞ്ചായത്ത് ഓഫീസിലേക്കും മറ്റ് ഘടകസ്ഥാപനങ്ങൾക്കും സ്റ്റീൽ പാത്രം വാങ്ങി നല്കൽ – പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

ഹരിതകേരള മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ എല്ലാ പ്രദേശത്തും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനും പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി 2017- 18 ൽ പദ്ധതി നം SO 217/18 ആയി രൂപീകരിച്ചതും 2018 -19 ൽ സ്പിൽ ഓവർ ആയി നടപ്പാക്കിയതുമായ 'എല്ലാ കുടുംബശ്രീ യൂണിറ്റുകൾക്കും പഞ്ചായത്ത് ഓഫീസിലേക്കും മറ്റ് ഘടകസ്ഥാപനങ്ങൾക്കും സ്റ്റീൽ പാത്രം വാങ്ങി നല്കൽ' (പദ്ധതി നമ്പർ SO266/19) പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ഉണ്ട്.

| | |
|---|---|
| പദ്ധതി നം | SO266/19 |
| പദ്ധതിയുടെ പേര് | കുടുംബശ്രീ യൂണിറ്റുകൾക്കും പഞ്ചായത്ത് ഓഫീസിലേക്കും മറ്റ് ഘടകസ്ഥാപനങ്ങൾക്കും സ്റ്റീൽ പാത്രം വാങ്ങി നല്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| അടങ്കൽ | 900000/- രൂപ |
| ഫണ്ടിനം | വികസനഫണ്ട്, പൊതുവിഭാഗം, സാധാരണ വിഹിതം |
| ചെലവ് | 670050/- രൂപ |
| ബിൽ നം, തുക, തീയതി | 05/18-19,670050/-, 24.09.2018 |

1. കുടുംബശ്രീ യൂണിറ്റുകൾക്കും പഞ്ചായത്ത് ഓഫീസിലേക്കും മറ്റ് ഘടകസ്ഥാപനങ്ങൾക്കും സ്റ്റീൽ പാത്രം വാങ്ങി നല്കാൻ ആണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ ടെൻഡർ അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 15.03.2018 ലെ 4 (1) നമ്പർ തീരുമാനത്തിൽ കുടുംബശ്രീ എ.ഡി. എസുകൾക്ക് സ്റ്റീൽ പാത്രങ്ങൾ

വാങ്ങൽ പ്രോജക്ട് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആകെ വാങ്ങിയ 4500 സെറ്റിൽ (4500 സ്റ്റീൽ പാത്രം, 4500 സ്റ്റീൽ ഗ്ലാസ്) 240 സെറ്റ് വീതം 18 എ ഡി എസുകൾക്ക് കൈമാറി. എന്നാൽ ബാക്കിയുള്ളവ (4500- (240 x18 = 4320) = 180) പഞ്ചായത്തോ പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങളോ കൈപ്പറ്റിയതായി രേഖകൾ ലഭ്യമല്ല. കുടുംബശ്രീ യൂണിറ്റുകൾക്കും പഞ്ചായത്ത് ഓഫീസിലേക്കും മറ്റ് ഘടകസ്ഥാപനങ്ങൾക്കും സ്റ്റീൽ പാത്രം വാങ്ങി നല്കാൻ വച്ച പദ്ധതിയുടെ ഗുണഭോക്താക്കൾ എ ഡി എസ് മാത്രമായി മാറി.

2. 03.02.2018 ലെ ഇ ടെൻഡർ പരസ്യത്തിൽ (നമ്പർ വി ഇ ഒ /03/ 2018) പാത്രം, ഗ്ലാസ് എന്നിവയുടെ എണ്ണം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അളവുകൾ വ്യക്തമാക്കിയിട്ടില്ല. സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുള്ള വി ഇ ഒ യുടെ കത്ത് നം ടി 1/201, 10-03-2018 ൽ ആണ് പാത്രം, ഗ്ലാസ് എന്നിവയുടെ അളവ് വ്യക്തമാക്കിയത്.ഈ സാഹചര്യത്തിൽ സ്ഥാപനത്തിന് ആവശ്യമുള്ള പാത്രത്തിന്റെ അളവുകൾ ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ മനസ്സിലാക്കിയത് എങ്ങനെ എന്ന് വ്യക്തമാക്കിയിട്ടില്ല.

3. സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുള്ള വി ഇ ഒ യുടെ കത്ത് നം ടി 1/201, 10-03-2018 ൽ രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷൻ ഉള്ള പാത്രം അല്ല വാങ്ങിയത്.

4. മേൽ ടെൻഡർ പരസ്യത്തിൽ 15 ദിവസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ മേൽ സപ്ളൈ ഓർഡറിൽ 7 ദിവസത്തിനുള്ളിൽ സാധനങ്ങൾ വിതരണം ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടെൻഡർ അനുവദിച്ച സിസ്കോ ഇൻഡസ്ട്രീസ്, കാഞ്ഞങ്ങാട് എന്ന സ്ഥാപനവുമായുണ്ടാക്കിയ കരാറിൽ (ഖണ്ഡിക 5 (ബി)) സാധനം വിതരണം ചെയ്യുന്നതിൽ വൈകുന്ന ഓരോ ആഴ്ചയ്ക്കും നഷ്ടപരിഹാരമായി സ്ഥാപനത്തിന് കൊടുക്കുന്ന വിലയിൽ 0.5% അല്ലെങ്കിൽ 1% വീതം കുറയ്ക്കാൻ വ്യവസ്ഥ ഉണ്ട്. സപ്ളൈ ഓർഡർ കൊടുത്തത് 20.03.2018 ന് ആണ്. എന്നാൽ സ്ഥാപനം സാധനങ്ങളുടെ bill of supply 2018 സെപ്തംബർ 4 ന് ആണ്. കരാറിലെ വ്യവസ്ഥ അനുസരിച്ച് പഞ്ചായത്ത് നഷ്ടപരിഹാരം ഈടാക്കിയിരുന്നെങ്കിൽ ആകെ തുകയുടെ 10% ആയ 67005/- രൂപ പഞ്ചായത്തിന് ലാഭം ഉണ്ടാകുമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ അധികം തുക കൊടുക്കേണ്ടി വന്നു. നഷ്ടപരിഹാരം ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

5. വിതരണം ചെയ്യപ്പെട്ട സാധനങ്ങൾ പഞ്ചായത്ത് സ്റ്റോക്കിലെടുത്തിട്ടില്ല. എ ഡി എസ് കൈപ്പറ്റ് രസീത് മാത്രമാണ് ഉള്ളത്.

6. എ ഡി എസ്സുകൾക്ക് 240 സെറ്റ് വീതം വേണമെന്ന ആവശ്യകതാ നിർണ്ണയം നടത്തിയതിന് രേഖകളില്ല.

7. എ ഡി എസ് വിതരണം ചെയ്ത സാധനങ്ങൾ അവരുടെ സ്റ്റോക്കിലെടുത്തിട്ടില്ല.

8. ഇവ വാടകയ്ക്ക് കൊടുത്ത് എ ഡി എസ് ലാഭം ഉണ്ടാക്കുന്നുവെങ്കിലും പഞ്ചായത്തിലേക്ക് ഈ തുക ലഭിക്കുന്നില്ല.

9. വാടകയ്ക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ രേഖകൾ എ ഡി എസ്സുകൾ പരിപാലിക്കുന്നില്ല. എത്ര ദിവസത്തേക്ക് വാടകയ്ക്ക് കൊടുത്തുവെന്നോ എത്ര എണ്ണം തിരികെ ലഭിച്ചുവെന്നോ എ ഡി എസ്സുകളുടെ രേഖകളിൽ നിന്ന് വ്യക്തമല്ല.

10. സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുള്ള വി ഇ ഒ യുടെ കത്തിൽ (നം ടി 1/201, 10-03-2018) ൽ വർക്കിംഗ് ഗ്രൂപ്പിന് മുന്നിൽ സാമ്പിൾ ഹാജരാക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ 15.3.18 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സപ്ളൈ ഓർഡർ എന്നിവ പ്രകാരം പഞ്ചായത്ത് കമ്മിറ്റിയാണ് സാമ്പിൾ പരിശോധിച്ചത്.

എ) നിയമപ്രകാരം സാമ്പിൾ പരിശോധിക്കേണ്ടത് പ്രൊക്യുവർമെന്റ് കമ്മിറ്റിയാണ്.

ബി) പദ്ധതി രൂപീകരണ ഫോമിലെ ഖണ്ഡിക 44 പ്രകാരം സാമ്പിൾ പരിശോധന മോണിറ്ററിംഗിന് വിധേയമാക്കേണ്ടതുണ്ട്. എന്നാൽ സിസ്കോ ഇൻഡസ്ട്രീസ് സാമ്പിൾ ഹാജരാക്കിയതിനോ ഏതെങ്കിലും കമ്മിറ്റി സാമ്പിൾ പരിശോധിച്ചതിനോ രേഖകളില്ല.

മെച്ചപ്പെട്ട രീതിയിൽ പദ്ധതി പുനക്രമീകരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാമെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 35/19.11.2019 ന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതിയുടെ ഉദ്ദേശ്യം വളരെ നല്ലതാണെങ്കിലും അതിന്റെ നടത്തിപ്പ് മെച്ചപ്പെടുത്തേണ്ടതുണ്ട്. എഡിഎസ്സുകൾക്ക് അതിനു കഴിയാത്ത സാഹചര്യം ഉണ്ടായാൽ അതു പരിഹരിക്കാനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

2. ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുകയും കണക്കുകൾ കൃത്യമായി പരിപാലിക്കുകയും ചെയ്യേണ്ടതാണ്.
3.പാത്രങ്ങൾ കുറഞ്ഞ വിലയ്ക്ക് വാടകയ്ക്ക് കിട്ടുമെന്ന് വ്യാപകമായി പ്രചരിപ്പിക്കുകയും പ്ളാസ്റ്റിക്, ഡിസ്പോസിബിൾസ് എന്നിവ ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുകയും പാത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

4.പാത്രങ്ങളുടെ പരിപാലനച്ചെലവ് കഴിച്ച് കിട്ടുന്ന തുക ഉപയോഗിച്ച് പദ്ധതി കൂടുതൽ വിപുലപ്പെടുത്തി പ്ളാസ്റ്റിക് മുക്ത പഞ്ചായത്ത് ആക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്.

5.ഒരു എ ഡി എസിനു കീഴിലുള്ള പാത്രങ്ങളേക്കാൾ കൂടുതൽ ആവശ്യം വന്നാൽ മറ്റ് എ ഡി എസ്സുകളിൽ നിന്ന് എത്തിക്കാനും അങ്ങനെ വിപുലമായ പരിപാടികൾ വന്നാലും അതിന്റെ ആവശ്യങ്ങൾ നിറവേറ്റാനാവശ്യമായ പാത്രങ്ങൾ കൊടുക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.
6.ഇക്കാര്യത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

# 1-50 തുണിസഞ്ചി നിർമ്മാണ യൂണിറ്റ് - പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

1050000/- രൂപ അടങ്കൽ വച്ച് നടപ്പാക്കിയ ഈ പദ്ധതിയിൽ നാല് യൂണിറ്റുകളെ തുണിസഞ്ചി നിർമ്മാണത്തിനായി ഗ്രാമസഭ മുഖേന തിരഞ്ഞെടുക്കുകയും ഓരോ യൂണിറ്റിനും 125000/-രൂപ ബാക്ക് എൻഡ് സബ്സിഡിയായി നല്കുകയും 125000/- രൂപ ബാങ്ക് ലോൺ നേടുകയും ചെയ്താണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ യൂണിറ്റുകൾക്കായി പഞ്ചായത്ത് തലത്തിൽ ഒരു മാസം പരിശീലനം നല്കി. തുടർന്ന് ഓരോ യൂണിറ്റും സ്വതന്ത്രമായി പ്രവർത്തിച്ചു തുടങ്ങി. പദ്ധതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. പ്ളാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ മുതൽക്കൂട്ടാകുന്ന പദ്ധതിയിൽ ഉത്പാദനം നന്നേ കുറവാണ്.

2. സ്ഥാപനത്തിൽ ഹാജർ പരിപാലിക്കുന്നില്ല.

3. സ്റ്റോക് രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ മുഴുവൻ പദ്ധതി തുകയ്ക്കും ഉള്ള സാധനങ്ങൾ വാങ്ങിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

4. ഓർഡർ ഇല്ലാത്തതിനാൽ സ്ഥാപനത്തിൽ നിലവിൽ തുണിസഞ്ചി നിർമ്മിക്കുന്നില്ല.

5. വാടകക്കരാർ ഇല്ല.

പഞ്ചായത്തിലെ പ്ളാസ്റ്റിക് മാലിന്യം കുറയ്ക്കാൻ ഉതകുന്ന ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്. കൂടാതെ പദ്ധതിയിൽ ഗുണഭോക്താക്കളായ സംഘാംഗങ്ങൾക്കും സാമ്പത്തിക ഉന്നമനം കൈവരിക്കാൻ ആവശ്യമായ തരത്തിലുള്ള ശ്രമങ്ങളും ഉണ്ടാകേണ്ടതുണ്ട്. ലാഭകരമായ രീതിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റി തലത്തിൽ സ്വീകരിക്കേണ്ടതുണ്ട്. തുടർ മോണിറ്ററിംഗ് നടത്തി സ്ഥാപനത്തിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-51 പകൽവീട് പ്രവർത്തന അപാകങ്ങൾ

പകൽവീട് വാടക, മറ്റ് അനുബന്ധ സൗകര്യമൊരുക്കൽ എന്ന പദ്ധതിയ്ക്ക് 591000/- രൂപ അടങ്കൽ വയ്ക്കുകയും 216172/- രൂപ ചെലവ് ചെയ്യുകയും ചെയ്തു. പകൽവീടിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയ ഈ പദ്ധതിയുടെ (പദ്ധതി നം (SO 221/19) അവസ്ഥ അറിയാൻ പകൽവീട് സന്ദർശിച്ചതിൽ നിന്നും ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടു.

1. കസേരകൾ ഉപയോഗിക്കാതെ ഊണുമുറിയുടെ മുകളിലുള്ള സ്ളാബിൽ അടുക്കിവച്ചിരിക്കുന്നു.

2. കട്ടിലുകൾ ഉപയോഗിക്കാനാകാത്ത വിധം ചേർത്തിട്ടിരിക്കുകയോ അടുക്കി വച്ചിരിക്കുകയോ ചെയ്തിരിക്കുന്നു.

3. പദ്ധതി പ്രകാരം വാങ്ങിയ വലിയ പാത്രങ്ങൾ ഉപയോഗിക്കാതെ അടുക്കളയുടെ മുകളിലുള്ള സ്ളാബിൽ സൂക്ഷിച്ചിരിക്കുന്നു.

4. മതിയായ സ്ഥലസൗകര്യം, പൈപ്പുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഇല്ലാത്ത വീടാണ്.

5. വാടകക്കരാർ പ്രകാരം വീട് മുഴുവൻ വാടകയ്ക്ക് കൊടുത്തിട്ടുണ്ടെങ്കിലും വിവിധ മുറികൾ ഉടമസ്ഥൻ പൂട്ടിയിട്ടിരിക്കുന്നു.

6. പ്രവർത്തിക്കാത്ത സീലിംഗ് ഫാനുകൾ ആണുള്ളത്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമാണ് വൃദ്ധർ. അവർക്കാവശ്യമായ സ്ഥലസൗകര്യവും മറ്റ് സൗകര്യങ്ങളുമുള്ള മറ്റൊരു കെട്ടിടം അടിയന്തരമായി കണ്ടെത്തി സ്ഥാപനം അവിടേക്ക് മാറ്റേണ്ടതാണ്. ആവശ്യകത പൂർണ്ണമായി നിർണയിക്കാതെ സാധനങ്ങൾ വാങ്ങി സൂക്ഷിക്കുന്നത് ആശാസ്യമല്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരന്തര ശ്രദ്ധ ഈ സ്ഥാപനത്തിൽ ഉണ്ടാകേണ്ടതുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 -

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 -

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 18.7.19 മുതൽ 19.7.19വരെ | കെ.എസ്.എ.റ്റി.വി.എം/ ജി.പി10/1616/19 /21.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | | സ്നേഹസ്പർശം | 180500 | |
| | | 1155000 | പാലിയേറ്റീവ് വാർഡ് | 1155000 | 0 |
| | | 180000 | ക്ഷീരസമൃദ്ധി(ജനറൽ) | 180000 | 0 |
| | | 420000 | ഹരിതഭവനം | 420000 | 0 |
| | | 59500 | ജൈവസമൃദ്ധി | 0 | 59500 |
| | | 43200 | ജലശ്രീകിണർജനറൽ | 0 | 43200 |
| | | 72000 | ജലശ്രീകിണർ (എസ്.സി.പി) | 0 | 72000 |
| | | 3915731 | ലൈഫ്(ജനറൽ) | 3915731 | 0 |
| | | 1303870 | ലൈഫ്(എസ്.സി.പി) | 1303870 | 0 |
| | | 689085 | ലൈഫ്(എസ്.റ്റി) | 689085 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | സ്നേഹസ്പർശം | 188500 | |
| | | 252500 | ലൈഫ്(എസ്.റ്റി) | 252500 | 0 |
| | | 2983122 | ലൈഫ്(ജനറൽ) | 2983122 | 0 |
| | | | ലൈഫ്(എസ്.സി.പി) | 374112 | |
| | | | ജലശ്രീകിണർ (ജനറൽ) | 144000 | |
| | | 48000 | ജലശ്രീകിണർ(എസ്.സി.പി) | 48000 | 0 |
| | | 59500 | ജൈവസമൃദ്ധി | 59500 | 0 |
| | | 700000 | ക്ഷീരസമൃദ്ധി(ജനറൽ) | 700000 | 0 |
| | | | പാലിയേറ്റീവ് വാർഡ് | 579264 | |
| | | 606553 | എം ആർ.എഫ് | 0 | 606553 |
| | | 500000 | റോഡ് റീടാറിങ്ങ് | 500000 | 0 |
| | | | പകൽവീട് | 215172 | |
| | | 12750 | കേദാരം സമഗ്ര നെൽകൃഷി | 12750 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്

മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | നവോദയ അംഗൻവാടി വൈദ്യുതീകരണം | 30430 | 30430 | 0 |
| കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 205716 | 205716 | 0 |
| കെ എസ് ഇ ബി | ഗവ.എൽ.പി എസ് വൈദ്യുതീകരണം | 31630 | 31630 | 0 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 450000 | 450000 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | സ.ഉ(സാ.ധ) 275/10/ തസ്വഭവ 27.10.2010 | 22584200 | 5516800 | 2258400 | | 3258400 |
| ഇ.എം.എസ് | ജി.ഒ.എം എസ്.90/13 | 200000 | 1172554 | 200000 | | 972554 |
| ലൈഫ് ലോൺ | | 110640000 | | | | 110640000 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-1 | 2011-12 | | പച്ച നീന്തൽകുളത്തിന്റെ കറന്റ്ചാർജ്ജ് | സ്പോർട്സ് കൗൺസിലിന് കത്തു നൽകിയിട്ടുണ്ട്.തുക തിരിച്ചടച്ചിട്ടില്ല |
| | 3-7 | 2011-12 | | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ196000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | 3-10 | 2011-12 | | നന്ദിയോട് മാർക്കറ്റിൽ ഡംബിങ്ങ് യാർഡും മണ്ണിര കമ്പോസ്റ്റ് യൂണിറ്റും- പദ്ധതി പാഴ് ചെലവ് | പൂർത്തീകരിച്ചിട്ടില്ല |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 213249009/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 18,75,57,776/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,05,176/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 1393447 | എസ്. മനോജ്,സെക്രട്ടറി |
| 1-25 | 160000 | എസ്.മനോജ്,സെക്രട്ടറി |
| 1-30 | 378350 | പി.രാംജിലാൽ,അസി.സെക്രട്ടറി |
| 1-32 | 96739 | പി.രാംജിലാൽ,അസി.സെക്രട്ടറി |
| 1-33 | 76640 | പി.രാംജിലാൽ,അസി.സെക്രട്ടറി |
| ആകെ | 2105176 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.എസ്.മനോജ്,സെക്രട്ടറി | സെക്രട്ടറി,<br>നന്ദിയോട് ഗ്രാമപഞ്ചായത്ത് | മാനസസരസ്സ്,<br>ഇടവക്കോട്,ശ്രീകാര്യം<br>പി.ഒ |
| 2 | ശ്രീ.പി. രാംജിലാൽ | അസി.സെക്രട്ടറി,<br>നന്ദിയോട് ഗ്രാമപഞ്ചായത്ത് | പാറക്കൽ വീട്, ചാമവിള.<br>ആറാംകല്ല്.പി.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18<br>തീയതി.20.06.2018 | 5 | |
| 2002-03 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18<br>തീയതി.20.06.2018 | 5 | |
| 2003-04 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18<br>തീയതി.20.06.2018 | 7 | |
| 2004-05 | കെ.എസ്.എ .ടി.വി.എം.ജി.പി.-10/873/18<br>തീയതി.20.06.2018 | 2 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/565/09/<br>തീ.25.6.2014 | 16 | |
| 2006-07 | നം.എൽ.എറ്റി.ഡി.ജി.പി.10/1077/14തീ.21.102014 | 9 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/425/10<br>തീ.25.6.2014 | 24 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1230/14<br>തീ.20/10/.14 | 9 | |
| 2009- | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1229/14 | 13 | |

| | | | |
|---|---|---|---|
| 10 | തീ.11.8.2014 | | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/98/14 തീ.11.12.2014 | 17 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/1751/14 തീ.7.8.2014 | 10 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.10/202/2015 തീ.8.2.2016 | 9 | |
| 2013-14 | എൽ.എഫ്..റ്റി.വി.എം.ജി.പി.10/11/17/ തീ.2.12.2017 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1366/16 തീ. 3.8.2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1003/17 തീ. 4.9.2018 | 2 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/175/16 തീ. 3.3.2016 | 6 | |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെനന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ നന്ദിയോട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ബി.റ്റി.19.5.2020**